بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാള്യം 7

ലക്കം 26

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ജൂൺ 30/ഹി.ശം. 1401 ഇഹ്സാൻ 30/ഹിജ്റ 1443 ദുൽഖഅ്ദ 29

## അല്ലാഹുവിന്റെ വചനം

وَ کَذَّبَ بِہٖ قَوۡمُکَ وَ ہُوَ الۡحَقُّ ؕ قُلۡ لَّسۡتُ عَلَیۡکُمۡ بِوَکِیۡلٍ ○

(الانعام : 67)

'നിന്റെ ജനം ഇതിനെ നിഷേധിച്ചു. വാസ്തവത്തിൽ ഇതു സത്യമാണ്. പറയുക:ഞാൻ നിങ്ങളുടെമേൽ ഉത്തരവദിത്വം ഏല്പിക്കപ്പെട്ടവനല്ല.'(6:67)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### അനുവാദം കിട്ടിയില്ലെങ്കിൽ മടങ്ങിപ്പോകുക

ഉബയ്ദ് ബിൻ ഉമയ്ർ[റ] നിവേദനം. ഒരിക്കൽ ഹദ്റത്ത് അബൂമൂസാ അശ്അരി[റ], ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്[റ]ന്റെ വാതിൽക്കൽചെന്ന് അകത്തു കടക്കാൻ അനുവാദം ചോദിച്ചു. എന്നാൽ, ഹദ്റത്ത് ഉമർ[റ] അദ്ദേഹത്തിന് അനുവാദം നല്കിയില്ല. അദ്ദേഹം എന്തോ ജോലിയിൽ മുഴുകിയിരുന്നതുപോലെ തോന്നി. അബൂമൂസാ[റ] തിരിച്ചു നടന്നു. അപ്പോൾ ഹദ്റത്ത് ഉമർ[റ] ജോലിയിൽനിന്ന് വിരമിച്ചു. ഹദ്റത്ത് ഉമർ[റ] പറഞ്ഞു: അബൂമൂസായുടെ ശബ്ദം ഞാനിപ്പോൾ കേട്ടല്ലോ? അദ്ദേഹത്തെ ഇങ്ങോട്ടു കടക്കാൻ അനുവദിക്കുക. അദ്ദേഹം പൊയ്കഴിഞ്ഞുവെന്ന് ഒരാൾ പറഞ്ഞു. അപ്പോൾ ഉമർ[റ] അദ്ദേഹത്തെ വിളിപ്പിച്ചു. (ഇങ്ങനെ ചെയ്യാനെന്താണ് കാരണമെന്ന് അന്വേഷിച്ചു). ഇങ്ങനെ ചെയ്യാനാണ് നബി[സ]തിരുമേനി തങ്ങളോടു കല്പിച്ചിട്ടുള്ളതെന്ന് അദ്ദേഹം പറഞ്ഞു. എങ്കിൽ താങ്കളെനിക്ക് തെളിവു തരണമെന്ന് ഉമർ[റ] പറഞ്ഞു. അങ്ങനെ അദ്ദേഹം അൻസ്വാരിന്റെ സദസ്സിലേക്ക് പോയി. അദ്ദേഹത്തോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഞങ്ങളുടെ കൂട്ടത്തിൽ ഏറ്റവും പ്രായംകുറഞ്ഞ് അബൂസയീദുപോലും താങ്കൾക്ക് ഇതിനു സാക്ഷി നില്ക്കുന്നതാണ്. അങ്ങനെ അബൂസയീദ് ഖുദ്രിയെ അദ്ദേഹം കൂടെക്കൊണ്ടുപോയി. അദ്ദേഹം പറയുന്നതുകേട്ട് ഹദ്റത്ത് ഉമർ[റ] പറഞ്ഞു: നബി[സ]തിരുമേനിയുടെ ഈ നിർദേശം എന്നിൽനിന്ന് മറഞ്ഞുപോയോ? ചന്തകളിലെ കൊടുക്കൽവാങ്ങലാണ് എന്ന് അശ്രദ്ധനാക്കിവെച്ചത്. അദ്ദേഹം കച്ചവടത്തിനായി പുറത്തുപോകാറുണ്ടായിരുന്നു. അതാണ് അദ്ദേഹം ഉദ്ദേശിച്ചത്. *(സ്വഹീഹ് ബുഖാരി വാള്യം 4, കിതാബുൽബുയൂഅ്, പ്രസാധനം 2008 ഖാദിയാൻ)*

**ദുആകളുടെ സ്വീകാര്യതയുടെ അനുഗ്രഹം ലഭിക്കുന്നത് മുത്തഖീങ്ങൾക്കാണ്.**
**മനുഷ്യൻ അദൃശ്യകാര്യങ്ങൾ അറിയുന്നവനല്ല. ഈ ദുആയുടെ ഫലങ്ങൾ അവനുവേണ്ടി എന്തു സ്വാധീനമാണ് സൃഷ്ടിക്കാൻ പോകുന്നതെന്ന് അവനറിയുന്നില്ല.**
**അല്ലാഹു തികഞ്ഞ വാത്സല്യത്തോടും ദയയോടുംകൂടി ആ ദുആയെ തന്റെ ദാസന് ഫലപ്രദവും സൽഫലമുളവാക്കുന്നതുമായ രീതിയിലാക്കിമാറ്റുന്നതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

ദുആകളുടെ സ്വീകാര്യതയുടെ അനുഗ്രഹം ലഭിക്കുന്നത് മുത്തഖീങ്ങൾക്കാണ്. മുത്തഖിയാരാണെന്ന് ഇനി ഞാൻ പറയുന്നതായിരിക്കും. എന്നാൽ, ഇപ്പോൾ മറ്റൊരു സംശയമകറ്റേണ്ടത് അത്യാവശ്യമായി ഞാൻ മനസ്സിലാക്കുന്നു. അതെന്താണെന്നാൽ മുത്തഖിയായ ചിലയാളുകൾ ബാഹ്യമായി അവരുടെ ചില ദുആകൾ അവരുടെ ആഗ്രഹമനുസരിച്ച് പൂർത്തിയാകാറില്ല. ഇതെന്തുകൊണ്ടുണ്ടാകുന്നു? അവരുടെ ഒരു ദുആയും യഥാർഥത്തിൽ പാഴായിപോകുന്നില്ലെന്ന കാര്യം ഓർമിക്കേണ്ടതാണ്. പക്ഷേ, മനുഷ്യൻ അദൃശ്യകാര്യങ്ങൾ അറിയുന്നവനല്ല. ഈ ദുആയുടെ ഫലങ്ങൾ അവനുവേണ്ടി എന്തു സ്വാധീനമാണ് സൃഷ്ടിക്കാൻ പോകുന്നതെന്ന് അവനറിയുന്നില്ല. അല്ലാഹു തികഞ്ഞ വാത്സല്യത്തോടും ദയയോടുംകൂടി ആ ദുആയെ തന്റെ ദാസന് ഫലപ്രദവും സൽഫലമുളവാക്കുന്നതുമായ രീതിയിലാക്കിമാറ്റുന്നതാണ്. വിവരമില്ലാത്ത ഒരുകുട്ടി പാമ്പ് മനോഹരവും മാർദവമുള്ളതുമായ വസ്തുവാണെന്ന് കണ്ട് പിടിക്കാൻ തന്റേടം കാണിക്കുകയോ അല്ലെങ്കിൽ തീയ് പ്രകാശിക്കുന്നതുകണ്ട് തന്റെ മാതാവിനോടു ചോദിക്കുകയോ ചെയ്താൽ എത്രവിവരമില്ലാത്ത മാതാവാണെങ്കിലും തന്റെ കുട്ടി പാമ്പിനെ പിടിക്കുന്നതും അല്ലെങ്കിൽ ആ കുട്ടിയുടെ ആഗ്രഹമനുസരിച്ച് തീക്കട്ട അവന്റെ കൈയിൽവെച്ചുകൊടുക്കുന്നതും ഇഷ്ടപ്പെടുമോ? ഒരിക്കലുമില്ല. അത് അവന്റെ ജീവിതത്തെ ദോഷകരമായി ബാധിക്കുമെന്ന് അവൾക്കറിയാം. അപ്പോൾ അദൃശ്യങ്ങൾ അറിയുന്നവനും പ്രപഞ്ചനാഥനും വാത്സല്യനിധിയുമായ മാതാവിനെക്കാൾ കൂടുതൽ ദയാപരനും അത്യുദാരനുമായ അല്ലാഹു - മാതാവിന്റെ മനസ്സിലും അലിവും സ്നേഹവുമിട്ടതും അവൻതന്നെയാണ് - അവന്റെ പ്രിയപ്പെട്ട ദാസൻ തന്റെ ബലഹീനതയും തെറ്റും അജ്ഞതയുംകൊണ്ട് അവന് ദോഷകരമാകുന്ന ഏതെങ്കിലും വസ്തുവിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരുന്നാൽ ക്ഷണത്തിൽ അത് സ്വീകരിക്കുന്നത് സഹിക്കുമോ? ഇല്ല. പ്രത്യുത അവൻ അത് തിരസ്കരിക്കുന്നു. അതിനുപകരമായി അതിനെക്കാൾ ഉത്തമമായത് അവന് നല്കുകയും ചെയ്യുന്നു. അത് തന്റെ ഇന്ന ദുആയുടെ പ്രതികരണവും ഫലവുമാണെന്ന് അവൻ ക്ഷണത്തിൽ മനസ്സിലാക്കുകയും ചെയ്യുന്നു. തന്റെ തെറ്റിനെ കുറിച്ചും അവന് അറിവ് ലഭിക്കുന്നു. ചുരുക്കത്തിൽ മുത്തഖീങ്ങളുടെ ചില ദുആകളും തിരസ്കരിക്കപ്പെടുന്നു എന്ന് പറയുന്നതും തികച്ചും തെറ്റാണ്. അങ്ങനെയല്ല, അവരുടെ എല്ലാ ദുആകളും സ്വീകരിക്കപ്പെടുന്നു. അവർ തങ്ങളുടെ ബലഹീനതയും അജ്ഞതയുംകൊണ്ട് തങ്ങൾക്ക് സൽഫലം ഉളവാക്കത്തതായ എന്തെങ്കിലും ദുആ ചെയ്തുകൊണ്ടിരിക്കുന്നതായാൽ അല്ലാഹു ആ ദുആയ്ക്ക് പകരമായി ദോഷകരമല്ലാത്തത് അവർക്ക് നല്കുന്നതായിരിക്കും.*(മൽഫൂദാത്ത് വാള്യം 1, പേജ് 378, പ്രസാധനം 2018 ഖാദിയാൻ)*

**താൻ സ്വയം സന്മാർഗത്തിന്റെ ജോലി ചെയ്യുമെന്ന് പറയുന്നവൻ തെറ്റിലാണുള്ളത്.**
**ദൈവിക വചനം കൂടാതെ വിജയപ്രദമായ ജീവിതം അസംഭാവ്യമാണ്.**
**എത്രത്തോളമെന്നാൽ മൃഗങ്ങളും വഹ്യുടെ ആശ്രിതരാണ്. അവരിൽ ഒരു തരത്തിലുള്ള വഹ്യ് ഇറങ്ങുന്നുണ്ട്. അതിന്റെ വ്യക്തമായ ഉദാഹരണം തേനീച്ചയിൽ കാണാം.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] സൂറ നഹ്‌ലിലെ ***ഥുമ്മ കുലീ മിൻകുല്ലിഥ്ഥമറാത്തി ഫസ്‌ലുക്കീ സുബുല റബ്ബിക്കി ദുലുലാ യഖ്റുജു മിൻ ബുത്വൂനിഹാ ശറാബുൻ മ്മുഖ്തലിഫുൻ അൽവാനുഹൂ ഫീഹി ശിഫാഉൻല്ലിന്നാസി ഇന്ന ഫീ ദാലിക്ക ലആയത്തൻ ല്ലിഖൗമിൻ യ്യത്തഫക്ഖറൂൻ*** (16:70) (പിന്നെ എല്ലാ ഫലവർഗങ്ങളിൽനിന്നും നീ ഭക്ഷിക്കുക. എന്നിട്ട് നിന്റെ നാഥന്റെ സരണികളിൽ സുഗമമായി പ്രവേശിക്കുകയും ചെയ്യുക. അവയുടെ വയറുകളിൽനിന്ന് വിവിധ വർണങ്ങളോടുകൂടിയ ഒരു പാനീയം പുറത്തുവരുന്നു. അതിൽ മനുഷ്യർക്കു രോഗശമനമുണ്ട്. നിശ്ചയമായും ചിന്തിക്കുന്ന ജനങ്ങൾക്ക് അതിലൊരു ദൃഷ്ടാന്തമുണ്ട്) എന്ന 70-ാമത്തെ വചനത്തിന് നല്കിയ തഫ്സീറിൽ പറയുന്നു:

ഇതിൽ തേനീച്ചയുടെ കൂടുതൽ വിശദീകരണം നല്കിക്കൊണ്ടു പറഞ്ഞു: തേനീച്ചയ്ക്ക് നാം ഇങ്ങനെ വഹ്യും നല്കുന്നു. പിന്നീട് വിവിധ ഫലവർഗങ്ങളിൽനിന്നു ഭക്ഷിക്കുക. പിന്നീട് നാം നിന്റെ ഉള്ളിലുണ്ടാക്കിയിരിക്കുന്ന മാർഗങ്ങൾ പ്രയോജനപ്പെടുത്തുകയും ദൈവകല്പനയനുസരിച്ച് നടന്നും തേൻ തയ്യാറാക്കുക.

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**‘ഞാൻ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ഒരു ദിവ്യശക്തിയുടെ രൂപത്തിലാണ് വന്നിട്ടുള്ളത്. ഞാൻ ഒരു  ദൈവിക സമ്പൂർണ്ണ ശക്തി പ്രഭാവവുമാകുന്നു. എനിക്കുശേഷം ചില വ്യക്തികളുണ്ടാവും. അവർ രണ്ടാം ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും.’(വാഗ്ദത്ത് മസീഹ്(അ))**

# യൗമെഖിലാഫത്തുമായി ബന്ധപ്പെട്ട് അഹ്മദിയ്യാ മുസ്‌ലിം ഖിലാഫത്തിന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും അതുപോലെതന്നെ ഖിലാഫത്തിനുണ്ടാകുന്ന ദൈവിക സഹായങ്ങളും

**നബി(സ)തിരുമേനി നിങ്ങൾക്ക് നുബുവ്വത്തിന്റെ മാർഗ്ഗത്തിൽ അവസാന കാലത്ത് ഖിലാഫത്തുണ്ടാകും എന്ന് പറഞ്ഞ ശേഷം മൗനമവലംബിച്ചതിൽ നിന്നു വ്യക്തമാകുന്നത് ഈ സംവിധാനം നീണ്ട കാലം നിലനിൽക്കുന്നതാണെന്നാണ്.**

**ഖുത്ബ ജുമുഅ 2022 മെയ് 27/1401 ഹിജ്റത്ത് 27,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്ന് മെയ് 27 ആണ് ഈ ദിവസം അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് ദിനം എന്ന് അറിയപ്പെടുന്നു. നമ്മൾ എല്ലാ വർഷവും ഖിലാഫത്ത് ദിന യോഗങ്ങൾ ഈ ദിവസമോ ഈ ദിവസത്തിന്റെ മുമ്പോ പിമ്പോ നടത്താറുണ്ട്. എന്നാൽ, എന്തിനാണത്? ഈ ചോദ്യത്തിനുള്ള മറുപടി എപ്പോഴും നമ്മുടെ മുമ്പിൽ ഉണ്ടായിരിക്കേണ്ടതാണ്. നമ്മുടെ തലമുറകളോടും കുട്ടികളോടും അതിനെകുറിച്ച് ചിന്തിക്കാനും മനസ്സിലാക്കാനും പറയണം. 1908 മെയ് 27-നാണ് ഈ ദിവസത്തിന് ആരംഭം കുറിച്ചത്. അന്ന് അല്ലാഹു തന്റെ വാഗ്ദാനങ്ങളനുസരിച്ച് നമുക്കുമേൽ അനുഗ്രഹം ചൊരിഞ്ഞുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് വ്യവസ്ഥിതി ആരംഭിച്ചു. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അദ്ദേഹത്തിന്റെ ജമാഅത്തിനുണ്ടാകുന്ന പുരോഗതികളെ കുറിച്ച് വാഗ്ദാനം ചെയ്തിരുന്നു. അത് ഈ ദിവസമാണ് പൂർത്തിയാക്കിയത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു നീണ്ട കാലമായി തന്റെ ജമാഅത്തിനോട്, ആരും മരണത്തിന് അതീതരല്ലെന്നും പ്രവാചകന്മാരും അവരുടെ കടമകൾ പൂർത്തിയാക്കുമ്പോൾ അല്ലാഹു അവരെ ഈലോകത്തുനിന്ന് മാറ്റുമെന്നും വ്യക്തമാക്കിക്കൊണ്ട് തന്റെ തിരിച്ചുപോകുന്നതിനുള്ള സമയം സമീപസ്ഥമായിരിക്കുന്നുവെന്ന് തന്റെ ജമാഅത്തിനെ ബോധ്യപ്പെടുത്തുകയായിരുന്നു. എന്നാൽ, അതോടോപ്പം ഒരു സന്തോഷ വാർത്തയും നൽകിയിരുന്നു; അതായത് അദ്ദേഹത്താൽ സ്ഥാപിതമായ ജമാഅത്ത് പുഷ്പിക്കുകയും കായ്ക്കുകയും വ്യാപിക്കുകയും ചെയ്യുമെന്ന്! അല്ലാഹുവിൽനിന്ന് അദ്ദേഹത്തിനുണ്ടായ വാഗ്ദാനങ്ങളെല്ലാം തീർച്ചയായും പൂർത്തിയാകുന്നതാണ്. ജമാഅത്തിന്റെ പുരോഗതി അല്ലാഹുവിന്റെ അനുഗ്രഹത്താൽ നടക്കുകതന്നെ ചെയ്യും. ആർക്കും ഈ അഭിവൃദ്ധിയെ തടയാൻ സാധ്യമല്ല.

നബി(സ)തിരുമേനിയും ഒരു ഹദീഥിൽ തന്റെ കാലം മുതൽ അവസാനം കാലഘട്ടം വരെയും അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും പിന്നെ അദ്ദേഹം ആരംഭിച്ച ഖിലാഫത്ത് വ്യവസ്ഥിതിയുടേയും ചിത്രം വരച്ചു കാണിച്ചിരിക്കുന്നു. നബി(സ)തിരുമേനി തന്റെ സ്വഹാബാക്കളുടെ ഒരു സദസ്സിൽ പറഞ്ഞു: നിങ്ങളിൽ അല്ലാഹു ഇച്ഛിക്കുന്നതുവരെ നുബുവ്വത്ത് നിലനിൽക്കുന്നതാണ്. അതായത് നബി(സ) തിരുമേനിയുടെ സാന്നിധ്യം സ്വഹാബാക്കളിൽ ഉണ്ടാകുന്നതാണ്. പിന്നീട് അവൻ ഇച്ഛിക്കുകയാണെങ്കിൽ അതിനെ എടുത്തു കളയും. പിന്നീട് നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് ഉണ്ടാകും. അതായത് ഖിലാഫത്തെ റാഷിദ സ്ഥാപിതമാകും. അത് പൂർണമായും നുബൂവ്വത്തിന്റെ ചുവടുകളിൽ ചലിക്കുന്നതായിരിക്കും. പിന്നീട് അതിനെ എടുത്തു കളയും. കഴിഞ്ഞ കുറച്ച് കാലങ്ങളായി ഞാൻ ബദ്‌രിസ്വഹാബാക്കളുടെ വിഷയത്തിൽ ഖുലഫായെ റാശിദീങ്ങളെ കുറിച്ചാണ് അനുസ്മരിച്ച് കൊണ്ടിരിക്കുന്നത്. ഇപ്പോൾ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ അനുസ്മരണമാണ് നടന്നുവരുന്നത്. എല്ലാ ഖലീഫമാരുടെയും അനുസ്മരണത്തിൽനിന്ന് പകൽ വെളിച്ചംപോലെ വ്യക്തമായൊരു യാഥാർഥ്യമെന്തെന്നാൽ അവരെല്ലാവരും തികച്ചും നിസ്സ്വാർഥമായി നബി(സ)തിരുമേനിയുടെ ചര്യയിൽ ചലിച്ചുകൊണ്ട് വിശുദ്ധ ഖുർആനിനെ തങ്ങളുടെ കർമരേഖയാക്കി ഖിലാഫത്ത് കാലം കഴിച്ചുകൂട്ടി എന്നാണ്. അതായത് ഓരോ ചുവടിലും നുബുവ്വത്തിന്റെ മാർഗത്തിൽ നിലനിൽക്കാൻ അവർ ശ്രമിച്ചിരുന്നു. നബി(സ)തിരുമേനി തന്റെ വാക്കുകൾ ഇങ്ങനെ തുടരുന്നു: പിന്നീട് അവന്റെ നിയതിനിയമമനുസരിച്ച് പരുക്കൻ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുന്നിടത്തോളം അതു നിലനില്ക്കും. അതിനുശേഷം അതെടുക്കപ്പെടും. പിന്നീട് സ്വേച്ഛാധിപത്യ രാജവാഴ്ചയുണ്ടാകും.അതിൽ ജനങ്ങൾ അസ്വസ്ഥരും വ്യാകുലരുമാകുന്നതാണ്. ഈ ഘട്ടം കഴിയുമ്പോഴേക്കും അവന്റെ മറ്റൊരു വിധിയുടെ അടിസ്ഥാനത്തിൽ അക്രമികളുടെ ഭരണം നിലവിൽ വരും.

ചരിത്രം അതും കണ്ടു. മറിച്ച് ഇന്നുവരെയും ദീൻതീണ്ടിയിട്ടില്ലാത്ത ഭരണാധിപന്മാർ മുസ്‌ലിമീങ്ങളായ തങ്ങളുടെ പ്രജകളോട് അതുതന്നെയാണ് ചെയ്യുന്നത്; അത് രാഷ്ട്രീയ ഭരണകൂടമാണെങ്കിലും രാജാധിപത്യമാണെങ്കിലും ശരി! ഒരു കൂട്ടരാണെങ്കിലും വേറൊരു കൂട്ടരാണെങ്കിലും ആരുടെ കൈയിൽ ഭരണം വന്നാലും അവർക്കുമേൽ ഭൗതികത ആധിപത്യം സ്ഥാപിക്കും. നബി(സ)തിരുമേനി പറയുന്നു: ഇതെല്ലാം ഉമ്മത്തിനോടുണ്ടാകുമ്പോൾ അല്ലാഹുവിന്റെ കാരുണ്യം ആവേശത്തിലാകുകയും ഈ അക്രമത്തെ അകറ്റുകയും ചെയ്യും.

പിന്നീട് നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. ഇത്രയും പറഞ്ഞുകൊണ്ട് നബി(സ)മൗനമവലംബിച്ചു.*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 6, പേജ് 285, ഹദീഥ് അന്നുഅ്മാൻ ബിൻ ബശീർ, ഹദീഥ് നമ്പർ 15596, ആലമുൽകുതുബ് ബെയ്റത്ത് 1998)*

അക്രമങ്ങൾ അവസാനിക്കുമെന്ന് നബി(സ)തിരുമേനി പ്രവചനം നടത്തിയത് ഖാത്തമുൽ ഖുലഫാ ആയ മസീഹ് മൗഊദും മഹ്ദി മഅ്ഹൂദുമായ മഹാത്മാവിന്റെ ബയ്അത്തിൽ വരുന്നവർക്ക് വേണ്ടിയാണ്. അവർ അദ്ദേഹത്തിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നതാണ്.

അല്ലാഹു സംവിധാനമൊരുക്കിത്തന്നിരിക്കുന്നു. ജനങ്ങൾ ഈ സംവിധാനത്തിനു കീഴിൽ വരാതിരിക്കുകയും തങ്ങളുടെ ദുശ്ശാഠ്യത്തിൽ തുടരുകയുമാണെങ്കിൽ അതിന്റെ തിക്തഫലവും അങ്ങനെ തന്നെയാണുണ്ടാകുക. അതാണുണ്ടാകുന്നതും. അതാണ് ഇന്ന് മുസ്‌ലിമീങ്ങൾ കണ്ടു കൊണ്ടിരിക്കുന്നതും. അല്ലാഹു ഇവർക്ക് ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ. ഇവർ നബി(സ) തിരുമേനിയുടെ സത്യദാസനെ തിരിച്ചറിയുന്നവരായി മാറട്ടെ. അല്ലാതെ

നിഷേധിച്ചുകൊണ്ട് മസീഹ് മൗഊദിന്റെ ജമാഅത്തിനുമേൽ അതിക്രമത്തിൽ മുന്നേറുന്നവർ ആകാതിരിക്കുമാറാകട്ടെ. ചുരുക്കത്തിൽ ഒരു കാര്യം വ്യക്തമാക്കാം. നബി(സ)തിരുമേനി നിങ്ങൾക്ക് നുബുവ്വത്തിന്റെ മാർഗ്ഗത്തിൽ അവസാന കാലത്ത് ഖിലാഫത്തുണ്ടാകും എന്ന് പറഞ്ഞ ശേഷം മൗനമവലംബിച്ചതിൽ നിന്നു വ്യക്തമാകുന്നത് ഈ സംവിധാനം നീണ്ട കാലം നിലനിൽക്കുന്നതാണെന്നാണ്.

ചിലയാളുകൾ ചില കാര്യങ്ങൾ മനസ്സിലാക്കാത്തതുകൊണ്ട് പറയുന്നു; ഈ മൗനമവലംബിച്ചതിന്റെ വിവക്ഷിതം ഈ സംവിധാനം പെട്ടെന്ന് അവസാനിക്കുമെന്നാണ്; അതായത് മസീഹ് മൗഊദ്(അ)നു ശേഷമുള്ള ഖിലാഫത്ത് വ്യവസ്ഥിതി! ഇവരെല്ലാവരും അബദ്ധത്തിലാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെയും ഇത് വിശദീകരിച്ചു തന്നിട്ടുണ്ട്. ഈ സംവിധാനം നിലനിൽക്കാനുള്ള സംവിധാനമാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ പൂർത്തിയാകാനുള്ളവയാണ്. ആകാശഭൂമികൾ മാറിപ്പോകാം. എന്നാൽ, ദൈവിക വാഗ്ദാനങ്ങൾ പൂർത്തിയാകുന്നത് തടയാൻ ആർക്കും സാധ്യമല്ല. ഈ ഖിലാഫത്ത് സംവിധാനം നിലനിൽക്കാനുള്ള സംവിധാനമാണ് എന്നതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലയോ പ്രിയപ്പെട്ടവരേ ജമാഅത്തിനെ സംബോധന ചെയ്യുകയാണ്, അല്ലയോ പ്രിയപ്പെട്ടവരേ! ചിരപുരാതനമായ അല്ലാഹുവിന്റെ നടപടിക്രമം എന്തെന്നാൽ അല്ലാഹു രണ്ടു ശക്തിപ്രഭാവങ്ങൾ കാണിക്കുന്നു. അങ്ങനെ എതിരാളികളുടെ രണ്ട് വ്യഥാവിലുള്ള സന്തോഷങ്ങളെ ഇല്ലാതാക്കി കാണിക്കുന്നു. ആയതിനാൽ അല്ലാഹു തന്റെ ഈ സനാതന നടപടിക്രമം ഇപ്പോൾ ഒഴിവാക്കാൻ സാധ്യമല്ല. ആയതിനാൽ ഞാൻ നിങ്ങളുടെ മുന്നിൽ ഇപ്പോൾ അവതരിപ്പിച്ച കാര്യത്തിൽ നിങ്ങൾ കുണ്ഠിതപ്പെടരുത്. അതായത് തന്റെ മരണത്തെ സംബന്ധിച്ച് കേട്ട് വിഷമിക്കരുത്. നിങ്ങളുടെ ഹൃദയങ്ങൾ അസ്വസ്ഥഭരിതമാകരുത്. എന്തെന്നാൽ, രണ്ടാം ദിവ്യശക്തിപ്രഭാവം കാണേണ്ടതും നിങ്ങൾക്ക് അനിവാര്യമാകുന്നു. അത് വരുന്നത് നിങ്ങൾക്ക് ഗുണപ്രദമാണ്. കാരണം അത് ശാശ്വതമാകുന്നു. അതിന്റെ ശൃംഖല അന്ത്യനാൾവരെ മുറിഞ്ഞു പോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം ആ രണ്ടാം ദിവ്യശക്തി വരുക സാധ്യമല്ല. എന്നാൽ, ഞാൻ പൊയിക്കഴിഞ്ഞാൽ അല്ലാഹു ആ ദ്വിതീയ ശക്തിയെ നിങ്ങൾക്കുവേണ്ടി അയക്കുന്നതാണ്. അത് എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും; ബാറാഹീനെ അഹ്മദിയ്യയിൽ അല്ലാഹു വാഗ്ദാനം ചെയ്തത് പോലെ! *(അൽവസിയ്യത്ത്, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 305)*

ചുരുക്കത്തിൽ ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണെന്നും ഈ രണ്ടാം ശക്തി പ്രഭാവം അതായത് ഖിലാഫത്ത് നിങ്ങളിൽ ഖിയാമത്തുന്നാൾവരെ നിലനിൽക്കുന്നതാണെന്നുമുള്ള അദ്ദേഹത്തിന്റെ വാക്കുകൾപോലെ അഹ്മദിയ്യ ഖിലാഫത്തിനെ സംരക്ഷിക്കാനുള്ള ആളുകൾ എപ്പോഴും ഉയിർത്തെഴുന്നേൽക്കുന്നതാണ്. അതിനാൽ അഹ്മദിയ്യ ഖിലാഫത്തുമായി എപ്പോഴും തങ്ങളെ ബന്ധപ്പെടുത്തുന്നവരും അതെകുറിച്ച് തങ്ങളുടെ തലമുറകൾക്ക് ഉപദേശം നകുന്നവരും സൗഭാഗ്യവാന്മാരാകുന്നു. അഹ്മദിയ്യ ഖിലാഫത്തിനെ ഏതെങ്കിലും കാലത്തേക്ക് നിജപ്പെടുത്തുന്നവരും അല്ലെങ്കിൽ അത്തരം ചിന്തയുള്ള വരും ദൗർഭാഗ്യവാന്മാരാകുന്നു. അത്തരം ആളുകൾ എപ്പോഴും പരാജിതരും പരിക്ഷീണിതരുമാകും.

അഹ്മദിയ്യാ ഖിലാഫത്തിന്റെ ചരിത്രം എതിരാളികൾ ഒന്നാം ഖിലാഫത്തിന്റേയും രണ്ടാം ഖിലാഫത്തിന്റേയും തിരഞ്ഞെടുപ്പു കാലത്ത് പരാജയപ്പെട്ടകാര്യം നമുക്ക് പറഞ്ഞു തരുന്നു.

ഹദ്റത് മസീഹ് മൗഊദ്(അ)ഖിലാഫത്ത് നിലനിൽക്കും എന്നതിനെ കുറിച്ച് കുറെ കൂടി വിശദീകരിച്ച് കൊണ്ട് പറയുന്നു: 'ആ വാഗ്ദാനം എന്നെക്കുറിച്ചുള്ളതല്ല. മറിച്ച്, അത് നിങ്ങളെപ്പറ്റിയുള്ളതാകുന്നു. അല്ലാഹു പറയുന്നു 'നിന്നെ പിൻപറ്റുന്ന ഈ ജമാഅത്തിന് അന്യരുടെ മേൽ അന്ത്യദിനം വരെ ഞാൻ വിജയം നൽകുന്നതാണ്.' അതിനാൽ എന്റെ വേർപാടിന്റെ ദിനം നിങ്ങളിൽ പ്രകടമാകേണ്ടതും അനന്തരം ശാശ്വത വാഗ്ദനത്തിന്റെ ദിനം വെളിപ്പെടുടേണ്ടതും നിർബന്ധമാകുന്നു. നമ്മുടെ ദൈവം സത്യവാനും വിശ്വസ്തനും വാഗ്ദാനം പാലിക്കുന്നവനുമാണ്. അവൻ വാഗ്ദാനം ചെയ്തതെല്ലാം നിങ്ങൾക്ക് കാണിച്ചുതരുന്നതാണ്.ഈ ദിവസം ലോകവസാനത്തിന്റെ ദിനമായാലും വലിയ ആപത്തുകൾ ഇറങ്ങേണ്ട സമയമായാലും അവൻ വിവരമിറിയിച്ച കാര്യങ്ങല്ലാം പൂർത്തിയാകുന്നതുവരെ ഈ ലോകം നിലനിൽക്കുക തന്നെ ചെയ്യും. ഞാൻ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ഒരു ദിവ്യശക്തിയുടെ രൂപത്തിലാണ് വന്നിട്ടുള്ളത്. ഞാൻ ഒരു ദൈവിക സമ്പൂർണ്ണ ശക്തി പ്രഭാവവുമാകുന്നു. എനിക്കുശേഷം ചില വ്യക്തികളുണ്ടാവും. അവർ രണ്ടാം ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും.' *(അൽവസിയ്യത്ത്, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 305,306)*

ചുരുക്കത്തിൽ അല്ലാഹു ഇസ്‌ലാമിന്റെ പുനരുജ്ജീവനവും പുരോഗതിയുമായി ബന്ധപ്പെട്ട ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് ചെയ്ത വാഗ്ദാനങ്ങൾ, ഏതെല്ലാം കാര്യങ്ങൾ പൂർത്തിയാകുമെന്ന് അല്ലാഹു അദ്ദേഹത്തോട് പറഞ്ഞിട്ടുണ്ടോ ഇൻശാ അല്ലാഹ് അവയെല്ലാം പൂർത്തിയാകുന്നതാണ്. ആ വാഗ്ദാനങ്ങൾ നിശ്ചയമായും പുലരുന്നതാണ്. ഇസ്‌ലാമിന്റെ മേൽക്കോയ്മയുടെ ദിവസം ഇൻശാഅല്ലാഹ് ജമാഅത്ത് കാണുന്നതാണ്. ജമാഅത്തിന്റെ പുരോഗതിയും ജമാഅത്ത് കാണുന്നതാണ്. ഇൻശാഅല്ലാഹ്. ഖിലാഫത്തുമായി ചേർന്നിരിക്കുന്നവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളായി മാറുന്നതാണ്.

അഹ്മദിയ്യാ ജമാഅത്ത് ലോകത്ത് വ്യാപിക്കേണ്ടതുണ്ട്. അത് തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം പറയുന്നത്. തന്റെ ജമാഅത്തിന്റെ വിജയത്തെ കുറിച്ച് ആ മഹാത്മാവ് പറയുന്നു:

'ഇത് അല്ലാഹുവിന്റെ സനാതന നിയമമാകുന്നു. അവൻ മനുഷ്യനെ ഈ ഭൂമിയിൽ സൃഷ്ടിച്ചതു മുതൽക്കേ നബിമാരെയും റസൂൽമാരേയും സഹായിക്കുന്നതിനും അവർക്ക് വിജയം നൽകുന്നതിനും വേണ്ടി ഈ നിയമം സദാ പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. അല്ലാഹു പറയുന്നു. ***കത്തബല്ലാഹു ല അഗ് ലിബന്ന അനാ വ റുസുലീ***(അൽമുജാദല:22)വിജയംകൊണ്ടുള്ള വിവക്ഷിതം ഇതാണ്: പ്രവാചകന്മാരുടേയും ദൂതന്മാരുടേയും ഉദ്ദേശ്യം അല്ലാഹുവിന്റെ(ന്യായപൂർത്തി)ഭൂമിയിൽ പൂർത്തിയാവുകയും ആർക്കും അതിനെ എതിരിടാൻ കഴിയാതിരിക്കുകയും ചെയ്യുക യെന്നതാണ്. അതേപ്പോലെ അല്ലാഹു അവരുടെ സത്യം ലോകത്ത് ശക്തമായ ദൃഷ്ടാന്തങ്ങൾ മുഖേന വെളിപ്പെടുത്തുന്നു. അവർ ലോകത്ത് പ്രചരിപ്പിക്കുവാൻ ആഗ്രഹിക്കുന്ന സന്മാർഗ്ഗത്തിന്റെ ബീജാവാപം അവരുടെ കരങ്ങളാൽ ചെയ്യിക്കുന്നു. എന്നാൽ, ഇതിന്റെ പൂർത്തീകരണം അവരുടെ കരങ്ങളാൽ നടത്തുന്നില്ല. മറിച്ച്........ അവൻ തന്റെ ശക്തിയുടെ മറ്റൊരു കരം കാണിക്കുന്നു. അങ്ങനെ ഏറെക്കുറെ അപൂർണ്ണതയിൽ കിടന്നിരുന്ന പ്രസ്തുത ഉദ്ദേശ്യങ്ങൾ പരിപൂർണ്ണത പ്രാപിക്കുന്നതിനു വേണ്ട സാമഗ്രികൾ അവൻ സൃഷ്ടിക്കുന്നു. മറ്റു മാർഗ്ഗങ്ങൾ ഉണ്ടാക്കുന്നു. ഏതെങ്കിലും തരത്തിൽ പൂർത്തിയാകാതായിട്ടുള്ള പ്രസ്തുത ലക്ഷ്യങ്ങൾ അതുമുഖേന പരിപൂർത്തിയിലെത്തുന്നു.' *(അൽവസിയ്യത്ത്, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 304)*

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്തിട്ടുള്ള വാഗ്ദാനസംബന്ധമായ പ്രവചനങ്ങൾ, അവ പൂർത്തീകരിക്കപ്പെടുന്നതാണ്. അത് അദ്ദേഹത്തിനുശേഷം വരുന്ന ഖിലാഫാത്ത് സംവിധാനം മുഖേനയായാരിക്കും പൂർത്തിയാക്കുക. അല്ലാഹു ജമാഅത്തിന് പുരോഗതി നൽകുന്നതാണ്, നല്കികൊണ്ടിരിക്കുകയും ചെയ്യുന്നു. ജനങ്ങൾക്ക് അവൻ തന്നെ മാർഗ്ഗദർശനം നൽകുന്നു. ഖിലാഫത്തുമായി അവരെ ബന്ധിപ്പിക്കുന്നു, ബന്ധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാതെ ഇത് മനുഷ്യരുടെ കഴിവിൽ പെട്ട സംഗതിയല്ല. ജമാഅത്തിലെ അംഗങ്ങളും കാലത്തിന്റെ ഖലീഫയും വളരെ ശക്തമായ ബന്ധത്തിലാണുള്ളത്. അതിന് തുല്യമായത് സാധ്യമല്ല. ഇത് മനുഷ്യന്റെ കഴിവിൽ പെട്ടതുമല്ല. ജനങ്ങളുടെ ഹൃദയത്തെ, ആദ്യകാല അഹ്മദികളെ ഖിലാഫത്തുമായി അടുപ്പിക്കുക മാത്രമല്ല മറിച്ച് പിന്നീട് വരുന്നവരുടെ ഹൃദയങ്ങളെയും ഖിലാഫത്തുമായിഅവൻഅടുപ്പിച്ചു.അതിൽ തികച്ചും പുതിയ ആളുകൾ, നല്ലപോലെ ശിക്ഷണം കിട്ടാത്ത ആളുകളുമുണ്ട്. ഇത് അല്ലാഹുവിന്റെതന്നെ പ്രവൃത്തിയാകുന്നു. ബയ്അത്തിനുശേഷം ജനങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് കാണിച്ച അതെ ആത്മാർഥതയും കൂറും അദ്ദേഹത്തിന്റെ ദൗത്യം പൂർത്തീകരിക്കുന്നതിന് വേണ്ടി അദ്ദേഹത്തിന്റെ പേരിൽ ഖിലാഫത്തുമായി ആ ബന്ധം കാണിക്കുന്നു, കാണിച്ച്

കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന് ജനങ്ങൾ ബയ്അത്ത് ചെയ്തത് അല്ലാഹുവിന്റെ പിന്തുണകൊണ്ടല്ലെങ്കിൽ മറ്റെന്തുകൊണ്ടാണ്? ഏതാനും മുനാഫിഖീങ്ങൾ ഒഴികെ; അവർ എല്ലാ ജമാഅത്തിലുമുള്ളതാണ്. ഖിലാഫത്തിനോട് ആത്മാർഥതയും ത്യാഗസന്നദ്ധതയുമുള്ള ആളുകൾ വർധിച്ചു വരുന്നു. മുനാഫിഖീങ്ങളായ ആളുകളെ അദ്ദേഹം നല്ല പോലെ ശിക്ഷിച്ചു. അവരെ അവരുടെ തലങ്ങളിലേക്ക് ഒതുക്കി. അവർക്ക് തല പൊക്കാൻ പോലും ധൈര്യമുണ്ടായില്ല. പിന്നെ രണ്ടാം ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് സമയത്ത് ഇതേ എതിരാളികൾ ബഹളം വെക്കുകയുണ്ടായി. അവർ ഒന്നാം ഖിലാഫത്ത് കാലത്ത് കാപട്യം കാണിച്ചുകൊണ്ട് ജമാഅത്തിൽ തുടരുകയായിരുന്നു. അവർ എതിർപ്പ് കാണിച്ചു. ഇത്തരമാളുകൾ പ്രലോഭിക്കുകയും ബഹളമുണ്ടാക്കുകയും അങ്ങനെ ഫിത്ന ഉണ്ടാകുകയും ചെയ്തിട്ടുപോലും ജമാഅത്ത് ഹദ്റത്ത് മിയാ സാഹിബ്, ഹദ്റത്ത് മിർസാ മഹ്മൂദ് അഹ്മദ് സാഹിബ് എന്ന് പറഞ്ഞുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിക്ക് ബയ്അത്ത് ചെയ്തു. ജമാഅത്ത് എത്ര ത്വരിതഗതിയിലാണ് പുരോഗതി പ്രാപിച്ചതെന്ന് ലോകം കണ്ടു. ലോകത്ത് മിഷൻഹൗസുകൾ തുറന്നു. മസ്ജിദുകൾ നിർമിച്ചു. സാഹിത്യങ്ങൾ പ്രസിദ്ധീകരിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നതിന്റെ കാര്യങ്ങൾ സുഗമമായി മുന്നോട്ട് പോകുകയും ചെയ്തു.

പിന്നീട് മൂന്നാം ഖിലാഫത്തിൽ ഭരണകൂടങ്ങൾ ശക്തമായ അക്രമങ്ങൾ നടത്തിയിട്ടും അല്ലാഹു ജമാഅത്തിന് പുരോഗതി നൽകി അനുഗ്രഹിച്ചു. ജമാഅത്തിനെക്കൊണ്ട് ഭിക്ഷാപാത്രം എടുപ്പിക്കുമെന്ന് പറഞ്ഞവർ വളരെ മോശമായ സാഹചര്യത്തിൽ ലോകത്തുനിന്ന് വിട പറഞ്ഞു.

പിന്നെ നാലാം ഖിലാഫത്തിൽ അഭിവൃദ്ധികളുടെ മറ്റൊരു അധ്യായം ആരംഭിച്ചു. അല്ലാഹുവിന്റെ പിന്തുണയുടേയും സഹായത്തിന്റേയും പുതിയ കാഴ്ചകൾ കാണാനായി. ഇസ്‌ലാമിക പ്രചാരണത്തിനുള്ള പുതിയ പുതിയ മാർഗങ്ങൾ തുറന്നു. കാലത്തിന്റെ ഖലീഫയുടെ കൈ വെട്ടണമെന്ന് ചിന്തിച്ചവരുടെ കൈകൾ തന്നെ മുറിക്കപ്പെട്ടു. ആകാശത്തിന്റെ അനന്തതകളിൽ അവരുടെ ശരീരം ധൂളീകരിക്കപ്പെട്ടു. എന്നാൽ, ജമാഅത്തിന്റെ പുരോഗതിയുടെ ചുവടുകൾ നിശ്ചലമായില്ല. തബ്‌ലീഗ് രംഗത്ത് വിശാലതയുണ്ടായി. എം.ടി.എ (മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ) ആരംഭിച്ചു. അത് മുഖേന ഓരോ വീട്ടിലും ജമാഅത്തിന്റ സന്ദേശം എത്താൻ തുടങ്ങി. ഇത് ഹദ്റത് മസീഹ് മൗഊദ്(അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ പുലരുന്നതിലേക്കുള്ള നീക്കങ്ങളായിരുന്നു. ഇക്കാര്യങ്ങളെല്ലാം അല്ലാഹു തന്റെ വാഗ്ദാനങ്ങൾ പൂർത്തീകരിക്കുന്നവനാണെന്ന് ആർക്കും മനസ്സിലാക്കാം.

പിന്നെ അഞ്ചാം ഖിലാഫത്തിലും അല്ലാഹു തന്റെ പിന്തുണയുടേയും സഹായത്തിന്റേയും കാഴ്ചകൾ കാണിച്ചുതന്നു. ാമേ യിൽത്തന്നെ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കാനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യം പൂർത്തീകരിക്കുന്നതിനും വേണ്ടി പുതിയ പുതിയ മാർഗ്ഗങ്ങൾ തുറക്കുന്നതിന് സംവിധാനമുണ്ടായി. ഒന്നിനു പകരം **mta** യുടെ ഏഴെട്ടു ചാനലുകൾ വിവിധ ഭാഷകളിൽ ആരംഭിച്ചു. ലോകത്ത് വിവിധ ഭാഷകളിൽ വിവിധ പ്രോഗ്രാമുകളുടെ തർജമകൾ തുടങ്ങി. ലോകത്തിന്റെ ഓരോ കോണിലേക്കും അതായത് **mta** നേരത്തെ എത്താതിരുന്ന സ്ഥലത്ത് **mta** എത്തിത്തുടങ്ങി. അവിടെയുള്ളവർ ആ രാജ്യങ്ങളിലും പ്രദേശങ്ങളിലും വസിക്കുന്നവർക്ക് അവരുടെ മാതൃഭാഷകളിൽ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിന്റെ സന്ദേശമെത്താൻ തുടങ്ങി. അതുമുഖേന ലക്ഷക്കണക്കിന് ശുദ്ധ പ്രകൃതരായ ആളുകൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് ലഭിച്ചു. **mta** യും റേഡിയോ പ്രോഗ്രാമുകളും കൂടാതെ അല്ലാഹു താൻതന്നെ ജനങ്ങൾക്ക് മാർഗ്ഗദർശനം നൽകി. ജനങ്ങൾക്ക് സ്വപ്നങ്ങൾ മുഖേനയും സാഹിത്യങ്ങൾ മുഖേനയും അഹ്മദിയ്യത്തിന്റെ സന്ദേശം സ്വീകരിക്കാൻ തൗഫീഖുനൽകി. അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം നോക്കുകയാണെങ്കിൽ അല്ലാഹു താൻതന്നെ എങ്ങനെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും അദ്ദേഹത്തെ അംഗീകരിക്കാൻ മാർഗ്ഗദർശനം നൽകിയതെന്ന് കാണാം. തുടർന്ന് ഇതേ ശൃംഖല ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ കാലഘട്ടത്തിലും തുടരുകയും അല്ലാഹുതന്നെ ജനങ്ങൾക്ക് മാർഗ്ഗദർശനം നൽകുകയും ചെയ്തു. തുടർന്ന് ശുദ്ധ പ്രകൃതരായ ആളുകൾ അഹ്മദിയ്യത്തിൽ ചേരാൻ തുടങ്ങി. തുടർന്ന് രണ്ടാം ഖിലാഫത്തിലും അത്തരം ഒരുപാട് സംഭവങ്ങളുണ്ടായിട്ടുണ്ട്. അല്ലാഹു എങ്ങനെയാണ് പൂർവികർക്ക് സത്യം സ്വീകരിക്കാൻ തൗഫീഖ് നൽകിയതു തുടങ്ങിയുള്ള സംഭവങ്ങൾ പഴയകാല കുടുംബങ്ങളിൽ നിവേദനങ്ങളായി തുടർന്ന് വരുന്നു. പിന്നെ മൂന്നാം ഖിലാഫത്തിലും ഈ ശൃംഖല കാണാൻ കഴിയുന്നു. നാലാം ഖിലാഫത്തിലും ശുദ്ധ പ്രകൃതമുളവർക്ക് അല്ലാഹു അഹ്മദിയ്യത്ത് സ്വീകരിക്കാൻ മാർഗ്ഗദർശനം നൽകി. ഇതെല്ലാം അല്ലാഹു മസീഹ് മൗഊദ്(അ)നോട് ചെയ്ത വാഗ്ദാനങ്ങളുടെ ഫലമായിരുന്നു. ഇങ്ങനെ എല്ലാ ഖിലാഫത്ത് കാലത്തും ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. അഞ്ചാം ഖിലാഫത്തിലും അല്ലാഹുവിന്റെ ഇതേ പ്രവർത്തനം തന്നെയാണുള്ളത്. അല്ലാഹു തബ്‌ലീഗിനുള്ള പുതിയ പുതിയ മാർഗ്ഗങ്ങൾ തുറന്നുകൊണ്ടേയിരിക്കുന്നു. ജനഹൃദയങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം അതായത് ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം കേൾക്കാനും സ്വീകരിക്കാനും ചാഞ്ഞുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ സ്വച്ഛമായ പിന്തുണ മനസ്സിലാക്കിത്തരുന്ന സംഭവങ്ങളാണ് ഉണ്ടാകുന്നത്. അതുകൂടാതെ മാനുഷികമായ പ്രവർത്തനങ്ങൾ കൊണ്ടൊരിക്കലും ജനങ്ങൾ ഇങ്ങനെ സ്വീകരിക്കുമായിരുന്നില്ല. എങ്ങനെയാണ് അല്ലാഹു ജനഹൃദയങ്ങളെ ഇസ്‌ലാം അഹ്മദിയ്യത്തിലേക്ക് തിരിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയതെന്നും അഹ്മദിയ ഖിലാഫത്തിന്റെ സത്യം അവർക്ക് വെളിപ്പെടുത്തിയതെന്നും എങ്ങനെയാണ് ജനങ്ങളുടെ ഹൃദയങ്ങളിൽ ഖിലാഫത്തിനോടുള്ള സ്നേഹമുണ്ടാക്കിയതെന്നുമുള്ള ഏതാനും സംഭവങ്ങൾ ഞാൻ വിവരിക്കാം.

ഗിനി-ബിസോ(**GuineaBissau**) വളരെ ദൂരത്തുള്ള ഒരു ആഫ്രിക്കൻ രാജ്യമാണ്. അവിടെ നേരത്തെ അബ്ദുല്ലാഹ് സാഹിബ് എന്ന ഒരു ക്രിസ്തീയ സഹോദരൻ ഉണ്ടായിരുന്നു. അദ്ദേഹം വിവരിക്കുന്നു: 'കുറച്ചുകാലം മുമ്പേ അദ്ദേഹം ഒരു സ്വപനം കണ്ടു. അതായത് വെള്ളത്താടിയുള്ള ഒരാളെ സ്വപ്നത്തിൽ കണ്ടു. അദ്ദേഹം തലപ്പാവ് ധരിച്ചിട്ടുണ്ടായിരുന്നു. ജനങ്ങളോട് പ്രഭാഷണം നടത്തുകയാണ്. ജനങ്ങൾ പൂർണ നിശബ്ദരായി ആ പ്രസംഗം കേട്ടുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണ ശൈലി തികച്ചും ലളിതമായിരുന്നു.' അദ്ദേഹം പറയുന്നു: 'ഞങ്ങളുടെ ആളുകളിൽനിന്നു തികച്ചും വ്യത്യസ്തമായിരുന്നു. അദ്ദേഹം കണ്ണ് തുറന്നപ്പോൾ അദ്ദേഹത്തിന് അതിൽനിന്നൊന്നും മനസ്സിലായില്ല. പിന്നെ അത് മറക്കുകയും ചെയ്തു. കുറച്ച് ദിവസങ്ങൾക്കുശേഷം വീണ്ടും അദ്ദേഹം ഇതേ പോലെയുള്ള സ്വപ്നം കാണുകയുണ്ടായി. അതിൽ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആ മുഖം കുടിയിരുന്നു. പിന്നെ മൂന്നാമത്തെ തവണയും അദ്ദേഹത്തിന് ആ സ്വപ്നമുണ്ടായി. ആ വ്യക്തി ആരാണെന്ന് അന്വേഷിക്കാൻ അദ്ദേഹം ശ്രമിച്ചു തുടങ്ങി. പക്ഷേ, കണ്ടെത്താൻ കഴിഞ്ഞില്ല. പിന്നെ ഒരു ദിവസം യാദൃച്ഛികമായി അദ്ദേഹം ഗ്രാമത്തിനടുത്തുള്ള പട്ടണമായ ഫരിനിലുള്ള(**Farin**) നമ്മുടെ മസ്ജിദിൽ പോയി. അന്ന് വെള്ളിയാഴ്ചയായിരുന്നു. ജമാഅത്തംഗങ്ങൾ എന്റെ ഖുത്ബ ാമേയിൽ കേൾക്കുകയായിരുന്നു. എന്നെ കണ്ടപ്പോൾ അദ്ദേഹം ഉടൻതന്നെ മുഅല്ലിം സാഹിബിനോടു ഈ ഖുത്ബ കൊടുക്കുന്ന ആൾ ആരാണെന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു: 'ഇത് ഞങ്ങളുടെ ഖലീഫയാകുന്നു.' ഏതായിരുന്നാലും അദ്ദേഹം നിശബ്ദനായി ഖുത്ബ കേട്ടുകൊണ്ടിരുന്നു. ഖുത്ബയ്ക്കുശേഷം അഹ്മദികളോടൊപ്പം നമസ്കരിക്കുകയും ചെയ്തു. നമസ്കാരത്തിനുശേഷം ഉടൻതന്നെ എഴുന്നേറ്റുനിന്ന് ഇങ്ങനെ പറഞ്ഞു: 'ഞാൻ ഇന്ന് ഇസ്‌ലാം സ്വീകരിക്കുകയാണ്.' അദ്ദേഹം പറയുന്നു: 'അല്ലാഹു എനിക്ക് മൂന്നു പ്രാവശ്യം ഈ വ്യക്തിയെ സ്വപ്നത്തിൽ കാണിച്ചുതന്നു. അത് എന്റെ മനസ്സിനെ സ്വാധീനിച്ചു. ഞാൻ ഒരു നീണ്ട കാലമായി അദ്ദേഹത്തെ അന്വേഷിക്കുകയായിരുന്നു. ഇന്ന് യാദർച്ഛികമായി നിങ്ങളുടെ മസ്ജിദിൽ വന്നതാണ്. അപ്പോൾ നിങ്ങളുടെ ഖലീഫയെ കാണാൻ ഇടവന്നു. ഞാൻ സ്വപ്നത്തിൽ കണ്ട അതെ മുഖമാണിത്. ഞാൻ സ്വപ്നത്തിൽ കണ്ട അതെ കാഴ്ചയാണ് കണ്ടത്. ജനങ്ങൾ നിശ്ശബ്ദരായിരുന്ന് പ്രഭാഷണം കേൾക്കുന്ന അതെ കാഴ്ചയാണ് ഞാൻ കണ്ടത്. അതുകൊണ്ട് ഞാൻ ഇസ്‌ലാം അഹ്മദിയ്യത്തിൽ പ്രവേശിക്കുകയാണ്.

വിദൂര പ്രദേശത്തുള്ള ഒരു വ്യക്തിക്ക് എങ്ങനെയാണ് അല്ലാഹു സ്വപ്നം കാണിക്കുകയും പിന്നീട് അതെ കാഴ്ചകൾ കാണാൻ അവൻതന്നെ സംവിധാനം ഒരുക്കുകയും ചെയ്യുന്നത്?

ഇങ്ങനെ തങ്ങൾക്കെന്തുകൊണ്ടുണ്ടാകുന്നില്ലെന്ന് ചിലയാളുകൾ ചോദിക്കുന്നു. അല്ലാഹു താനിച്ഛിക്കുന്നവർക്ക് മാർഗ്ഗദർശനം നൽകുന്നു എന്നത് അവന്റെ അനുഗ്രഹമാകുന്നു. പക്ഷേ, അതിന് ശുദ്ധ മാനസരാകേണ്ടത് അനിവാര്യമാണ്. അല്ലാഹുവിലേക്ക് കുനിയേണ്ടത് നിർബന്ധമാണ്. തീർച്ചയായും മനുഷ്യന്റെ എന്തെങ്കിലും നന്മയുണ്ടാകും. അതുകൊണ്ടാണ് അല്ലാഹു അദ്ദേഹത്തിന് ഇങ്ങനെ മാർഗ്ഗദർശനം നൽകിയത്.

ഗാംബിയാ**(Gambia)**യിലെ അമീർ സാഹിബ് എഴുതുന്നു: അവിടെ ഒരു സ്ത്രീയുണ്ടായിരുന്നു. സിസ്റ്റർ ഫാട്ടു സാഹിബ. അവർക്ക് അറുപത് വയസായിരുന്നു. അവർ പറയുന്നു: 'ഞങ്ങളുടെ പ്രദേശത്ത് ഒരു ഇസ്‌ലാമിക സംഘത്തിലെ ആളുകൾ വന്നു. അവർ അഹ്മദിയ്യത്തിനെതിരിൽ അഹ്മദികൾ കാഫിറുകളാണെന്നും അവർക്കൊരിക്കലും സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ കഴിയുകയില്ലെന്നും പ്രസംഗിച്ച് തുടങ്ങി. അവരുമായി ഒരുവിധ ഇടപാടും നടത്തരുതെന്നും പറഞ്ഞു. ഗ്രാമത്തിലെ ഭൂരിഭാഗമാളുകളും അവർ പറയുന്നത് അംഗീകരിച്ചു. എന്നാൽ, ആ സ്ത്രീ പറയുന്നു: 'ഞാൻ അസ്വസ്ഥയായി. അവർ അല്ലാഹുവിനോട് മാർഗദർശനത്തിന് ദുആ ചെയ്യാൻ തുടങ്ങി. 'കുറച്ച് ദിവസത്തിനുശേഷം അവർ ഒരു സ്വപ്നം കണ്ടു. ആ ഗ്രാമത്തിൽ പര്യടനം നടത്തിയിരുന്ന അതെ ഇസ്‌ലാമിക സംഘത്തെ കണ്ടു. അവരുടെ കണ്ണുകൾ നക്ഷത്രംപോലെ തിളങ്ങുന്നുണ്ടായിരുന്നു. അവർ കൈകളിൽ വിശുദ്ധ ഖുർആൻ പിടിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, വിശുദ്ധ ഖുർആനിൽ വാചകങ്ങളൊന്നും കാണാനില്ലെന്ന് അവർ പരാതിപ്പെടുന്നുണ്ടായിരുന്നു. അല്ലാഹു തങ്ങളെ അന്ധരാക്കിയിരിക്കുന്നു എന്ന് പറഞ്ഞ് അവർ ബഹളം കൂട്ടാൻ തുടങ്ങി. ഇങ്ങനെ അവർക്ക് അവരുടെ ഉപജീവനം പോലും നേടാൻ കഴിയുന്നുണ്ടായിരുന്നില്ല. അവർ വളരെ നിന്ദ്യരായി നശിപ്പിക്കപ്പെട്ടു.' അവർ പറയുന്നു: ഞാൻ സ്വപ്നത്തിൽ, ഈ സംഘത്തിലെ അംഗങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയുമായി ഹസ്തദാനം ചെയ്യാൻ ആഗ്രഹിക്കുന്നതായി കണ്ടു. അതിൽ അവർക്ക് വിജയിക്കാൻ കഴിഞ്ഞില്ല. അഹ്മദിയ്യത്ത് സത്യമാണെന്നും അവർ അംഗീകരിക്കുന്നുണ്ടായിരുന്നു. തങ്ങൾ അത് സ്വീകരിക്കുകയാണെങ്കിൽ തങ്ങളുടെ ശിഷ്യന്മാർ അകന്നു പോകുന്നതാണെന്ന് അവർ കരുതുന്നു. ഏതായിരുന്നാലും രാവിലെ ആ സ്ത്രീ തന്റെ വീട്ടുകാർക്ക് തന്റെ സ്വപനം കേൾപ്പിച്ചു കൊടുത്തു. അവർ പറയുന്നു: 'ആഫ്രിക്കയിലുള്ളവർക്ക് ചിന്താശീലം കുറവാണ്. എന്നാൽ, ഇവർ അതിന് വ്യാഖ്യാനം നൽകിയത് ഇങ്ങനെയയാണ്. അതായത് അവർക്ക് കണ്ണുകളിൽ പ്രകാശം ഉണ്ടായിട്ടും വിശുദ്ധ ഖുർആനിന്റെ വാക്കുകൾ തിരിച്ചറിയാൻ കഴിയുന്നുണ്ടായിരുന്നില്ല. അതിന്റെ അർഥം അവർ സത്യത്തിൽ നിന്നു പൂർണമായും വ്യതിചലിച്ചു എന്നാണ്. ഇങ്ങനെയുള്ള സംഭവങ്ങൾ ചിലയാളുകൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനുവേണ്ടി വെളിപ്പെട്ടുകൊണ്ടിരിക്കുന്നു.. അതായത് അല്ലാഹു പ്രത്യേക സഹായം മുഖേന അവർക്ക് ഈ കാഴ്ചകൾ കാണിച്ചു കൊടുത്തുകൊണ്ടിരിക്കുന്നു.

ഗ്വാട്ടിമാല **(Guatemala)**തെക്കൻ അമേരിക്കൻ രാജ്യങ്ങളിൽപെട്ടതാണ്. ഇവിടെ നമ്മുടെ മസ്ജിദ് 250 കിലോമീറ്റർ ദൂരെ മെക്സിക്കോ ബോർഡറിലുള്ള സ്ഥലമായ സാൻ മാർക്കോസി**(San Marcos)**ലാണുള്ളത്. അവിടെ ഒരു സ്ത്രീ ഉണ്ട്. വേറോനിക്ക**(Veronica)**സാഹിബ പറയുന്നു: ഞാൻ പത്ത് വർഷം മുമ്പേ ഒരു സ്വപ്നം കണ്ടിരുന്നു. അതായത് ഒരു വ്യക്തി സ്വപ്നത്തിൽ വന്നു പറയുന്നു, സത്യമാർഗ്ഗം ഇസ്‌ലാം ആകുന്നു.

വിശുദ്ധ ഖുർആൻ വായിക്കാനും പറഞ്ഞു. എന്നാൽ, അവർ പറഞ്ഞു: എനിക്ക് ഖുർആൻ വായിക്കാൻ അറിയില്ല. എന്നാൽ, ആഗതൻ പറഞ്ഞു, നിങ്ങൾക്ക് വായിക്കാൻ കഴിയും. രാവിലെ എഴുന്നേറ്റ് അവർ തന്റെ ഭർത്താവിനോടും പിതാവിനോടും ഈ സംഭവത്തെ കുറിച്ച് പറഞ്ഞപ്പോൾ അവർ പറഞ്ഞു, ഇസ്‌ലാം ഒരിക്കലും സത്യമാർഗ്ഗമല്ല. ഇത് ഭീകരമതമാകുന്നു. ഇവരാകട്ടെ എല്ലാവരും ക്രിസ്ത്യാനികളുമാണ്. അവർ പറയുന്നു: എന്റെ മനസ്സിനു സമാധാനം ലഭിച്ചില്ല. ഞാൻ ഇന്റർനെറ്റിൽ ഇസ്‌ലാമിനെ കുറിച്ച് അന്വേഷിക്കാൻ തുടങ്ങി. ഇന്റർനെറ്റ് മുഖേന ഇസ്‌ലാമിനെ കുറിച്ച് സ്വയം പഠിക്കുകയായിരുന്നു. ഒരു ദിവസം മാർക്കറ്റിൽ പോകുമ്പോൾ പർദ്ദ ധരിച്ച ഒരു സ്ത്രീയെ കാണാൻ ഇടവന്നു. ഏതായിരുന്നാലും അവരുടെ പർദ്ദ കണ്ടപ്പോൾ ആകാംക്ഷ ഉണ്ടാകുകയും അവരുടെ അടുത്തു പോകുകയും ചെയ്തു. അവരോട് ചോദിച്ചു, 'നിങ്ങളുടെ ഈ വസ്ത്രം എന്താണ്? അവർ പറഞ്ഞു, 'ഞാൻ മുസ്‌ലിമാണ്. അതുകൊണ്ടാണ് പർദ്ദ ധരിച്ചിരിക്കുന്നത്.' അങ്ങനെ അവരുമായി ബന്ധമുണ്ടായി. അവർ ഇസ്‌ലാമിനെ കുറിച്ച് വിശദീകരിച്ചുകൊടുത്തു. ആ സ്ത്രീ അഹ്മദിയായിരുന്നു. അവർ പറയുന്നു, ഞാൻ അവരുടെ സംസാരം, ഇസ്‌ലാമിന്റെ അധ്യാപനം കേട്ടപ്പോൾ ബയ്അത്ത് ചെയ്തു. എന്നാൽ, വീട്ടുകാർക്ക് തൃപ്തി ഉണ്ടായിരുന്നില്ല. അവർ എന്തെങ്കിലുമൊക്കെ ആരോപണം ഉന്നയിച്ചുകൊണ്ടിരുന്നു. അവർക്കുള്ള മറുപടി കൊടുക്കാൻ എനിക്ക് കഴിയുമായിരുന്നില്ല. അപ്പോൾ അവർ പറഞ്ഞു: നിങ്ങൾ എന്റെ വീട്ടിൽ വരിക. ഞാൻ ബന്ധുക്കളെ ഒരുമിച്ചു കൂട്ടാം. ആക്ഷേപങ്ങൾക്ക് മറുപടി കൊടുക്കണം.' അങ്ങനെ ഞങ്ങളുടെ നിരവധി തബ്‌ലീഗ് സിറ്റിങ്ങുകൾ നടന്നു. തബ്‌ലീഗ് ചെയ്യാനും തുടങ്ങി. അവർ ബയ്അത്ത് ചെയുക മാത്രമല്ല സന്ദേശം പ്രചരിപ്പിക്കാനും തുടങ്ങി. സുഹൃത്തുക്കളെ വിളിച്ച് കൂട്ടുകയും അവർക്ക് റിഫ്രഷ്മെന്റിനുള്ള സംവിധാനം ഒരുക്കുകയും ചെയ്തു. അവരുടെ മകൻ വക്കീലാകാൻ പഠിക്കുകയാണ്. യൂണിവേഴ്സിറ്റിയിൽ അവസാന വർഷമാണ്. അവനും തബ്‌ലീഗ് ചെയ്ത് തുടങ്ങി. അവർക്ക് എത്രമാത്രം ആവേശമുണ്ടായെന്നാൽ അവർ ഇന്റർനെറ്റ് മുഖേന വിശുദ്ധ ഖുർആൻ ഓതാൻ പഠിച്ചു. ഒരുപാട് സൂറത്തുകൾ മനഃപാഠമാക്കി. അറബി എഴുതാൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് ഓഡിയോ കേട്ട് റോമൻ ലിപിയിൽ ഖുർആൻ മുഴുവനും എഴുതുകയുണ്ടായി. അമീർ സാഹിബ് പറയുന്നു: 'ഞാൻ സന്ദർശന വേളയിൽ അവരുടെ നോട്ടുബുക്ക് കണ്ടു. ഖുർആൻ മുഴുവനും അവർ സ്വന്തം കൈപ്പടയിൽ എഴുതിയിരിക്കുന്നു. ഇപ്പോൾ അറബിഭാഷയും പഠിക്കുന്നു. അറബിയിലും എഴുതുന്നുണ്ട്. ഇങ്ങനെ അല്ലാഹു ശുദ്ധ പ്രകൃതരായ ആളുകളെ ജമാഅത്തിലേക്ക് കൊണ്ടുവരുന്നു. അങ്ങനെ മസീഹ് മൗഊദ്[അ]നോട് ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നു.

ഇന്തൊനീഷ്യ**(Indonesia)**യിൽ വളരെ വിദൂര സ്ഥലത്തുള്ള ഒരു യുവാവിനെ തബ്‌ലീഗ് ചെയ്തു. അദ്ദേഹം ഉടനെതന്നെ ബയ്അത്തും ചെയ്തു. ഈ ജമാഅത്തിലെ സ്വദർ ജമാഅത്ത് നൂർ സാഹിബ് പറയുന്നു: 'ഞാൻ അദ്ദേഹം തിരിച്ച് പോകുമ്പോൾ കുറച്ച് പുസ്തകങ്ങളും കൊടുത്തു. മസീഹ് മൗഊദ്[അ]ന്റെ ഫോട്ടോ ഉള്ള ലീഫ്ലെറ്റും കൊടുത്തിരുന്നു. അദ്ദേഹം വീട്ടിലെത്തിയപ്പോൾ പിതാവ് ലീഫ്ലെറ്റ് കണ്ടപ്പോൾ ചോദിച്ചു. ഈ ഫോട്ടോ ആരുടേതാണ്, ആ കുട്ടി മറുപടിയായി പറഞ്ഞു. ഇത് ഇമാം മഹ്ദിയുടെ ഫോട്ടോ

ശേഷം പേജ് 7 ൽ

**• അല്ലാഹുവിന്റെ കലാം •**

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**

*(വിശുദ്ധ ഖുർആൻ 51:57)*

**• അല്ലാഹുവിന്റെ കലാം •**

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

*(വിശുദ്ധ ഖുർആൻ 54:18)*

ത്വാലിബെ ദുആ:
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

ത്വാലിബെ ദുആ:
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാള്യം 7 ലക്കം 25 പേജ് 12, കോളം 2–ൽനിന്ന്)

ഒരു വനിത പറയുന്നു: 'ഈ വ്യക്തി എന്തുകൊണ്ട് തിരുമനസ്സാണെന്ന് ഇക്കാര്യങ്ങളിൽനിന്നു വ്യക്തമാകുന്നു. വളരെയധികം സ്നേഹവും അനുകമ്പയും പ്രകടിപ്പിക്കുന്ന ഒരു നേതാവാണ് അദ്ദേഹം. എന്നാൽ, സന്ദേശത്തിൽ എല്ലാം വളരെ വിശദമാണ്. ഓരോരുത്തരേയും അവരവരുടെ നിർബന്ധ കടമകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നേതൃത്വത്തിന് അനിവാര്യമായ ധാരാളം കാര്യങ്ങൾ ഇതിലുണ്ട്.' മറ്റൊരു അതിഥി പറയുന്നു: 'തിരുമനസ്സ് വളരെയധികം സുപ്രധാന കാര്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചു. പ്രാഥമികമായി അദ്ദേഹം ചൂണ്ടി കാണിച്ചത് ഇന്നത്തെ സമൂഹത്തിൽ മതത്തിന് പ്രാധാന്യമില്ലെന്നതാണ്. മതത്തെ നിഷേധാത്മക ദൃഷ്ടിയോടെയാണ് കാണുന്നത്. ക്രിസ്ത്യൻ എന്ന നിലയിൽ നമുക്കും അത് തോന്നുണ്ട്. ഇതുകൂടാതെ ഖലീഫയുടെ പ്രഭാഷണത്തിൽനിന്നു വളരെ സുപ്രധാനമെന്ന് എനിക്ക് തോന്നിയത് വിദ്യാഭ്യാസത്തിന്റേയും ശിക്ഷണത്തിന്റേയും പ്രാധാന്യമാണ്. ഇക്കാര്യത്തിൽ അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് ഒരു മാതൃകയാണ്. കാരണം, തങ്ങളുടെ പരിശുദ്ധ ഗ്രന്ഥം നല്കുന്ന അധ്യാപനം എന്താണെന്ന് അറിവുണ്ടെങ്കിൽ വിവിധങ്ങളായ പ്രയാസങ്ങളിൽനിന്ന് ഇന്ന് നമുക്ക് രക്ഷപെടാൻ സാധിക്കും.

മറ്റൊരു അതിഥി പറയുന്നു:ഖലീഫയുടെ പ്രഭാഷണത്തിൽ സൂചിപ്പിച്ച മൂല്യങ്ങളെ കുറിച്ചും മനുഷ്യത്വപരമായ പ്രവർത്തനങ്ങളെ കുറിച്ചും കേട്ടപ്പോൾ അത് എന്റെ വീക്ഷണങ്ങൾ അനുസരിച്ചുള്ളതായിരുന്നു എന്നത് എന്നെ വളരെ വിസ്മയിപ്പിച്ചിരുന്നു. നൂറു ശതമാനവും അതിനോട് ഞാൻ യോജിക്കുന്നു. ഖലീഫയുടെ വ്യക്തിത്വവും വിസ്മയം ജനിപ്പിക്കുന്നു. സ്വന്തം മതാധ്യാപനത്തെ കുറിച്ച് വിവരം ഉണ്ടാകുകയും എന്നാൽ, അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുക എന്നത് പ്രയോജന രഹിതമാണെന്ന കാര്യം ഖലീഫയുടെ പ്രഭാഷണത്തിൽ എനിക്ക് ഏറ്റവും ഇഷ്ടമായ കാര്യമാണ്. തന്റെയുള്ളിൽ ഉന്നത സ്വഭാവ ഗുണമുണ്ടെന്ന് സ്വന്തം കർമത്തിയിലൂടെ വ്യക്തമാക്കലാണ് അടിസ്ഥാന കാര്യം.

മറ്റൊരു അതിഥി പറയുന്നു: 'എനിക്കിപ്പോൾ ഖലീഫയുമായി കൂടിക്കാഴ്ചക്ക് അവസരം ലഭിച്ചു. ഇപ്പോൾവരെ ഞാനതിൽ വളരെയധികം ആകൃഷ്ടനാണ്. ഇന്നേ ദിവസം ഇവിടെ ഇങ്ങനെയൊരു പരിപാടി നടത്താൻ സാധിച്ചതിൽ ഞാൻ വളരെ കൃതജ്ഞനാണ്. ഇന്നത്തെ കൂടിക്കാഴ്ചക്ക് മുമ്പേവരെ ഞാൻ വളരെ ഭീതിതനും ചിന്താകുലനുമായിരുന്നു. കാരണം ഒരു ഖലീഫയുമായി എങ്ങനെ കൂടിക്കാഴ്ച ചെയ്യണമെന്ന് എനിക്ക് അറിയില്ലായിരുന്നു. എന്നാൽ, കൂടിക്കാഴ്ച കഴിഞ്ഞയുടൻതന്നെ എനിക്ക് തൃപ്തി ലഭിച്ചു. ഇത് നിശ്ചയമായും ഖലീഫയുടെ ദൈവികമായ സ്വാധീനം കാരണത്താൽ തന്നെയായിരുന്നു. ഇസ്‌ലാമിനെ സംബന്ധിച്ച് നിലനില്ക്കുന്ന എല്ലാ വിദ്വേഷങ്ങളും അദ്ദേഹം വിപാടനം ചെയ്തത് ഇന്നത്തെ ഖലീഫയുടെ പ്രഭാഷണത്തിൽ എനിക്ക് വളരെ ഇഷ്ടമായി. ഒപ്പംതന്നെ അദ്ദേഹം വ്യക്തമാക്കിയ സമാധാന സന്ദേശം വളരെയധികം പ്രാധാന്യം അർഹിക്കുന്നതുമായിരുന്നു.

ഒരു പാർലമെന്റംഗം പറയുന്നു: 'ഈ പ്രോഗ്രാം എനിക്ക് വളരെ ഫലദായകമായിരുന്നു. തിരുമനസ്സ് വളരെ നല്ല രീതിയിലൽ വിദ്വേഷങ്ങളെ വിപാടനം ചെയ്തു. തദ്വാര, ഇത്തരം വിഷയങ്ങൾ മുഖേന ജനങ്ങളുടെ സംസ്കരണം സാധ്യമാകുകയും ചെയ്തു. നിശ്ചയമായും ഇതിന്റെ പ്രയോജനം വളരെയധികം പേർക്കുണ്ടാകും. ഇസ്‌ലാമികാധ്യാപനം യഥാർഥത്തിൽ സമാധാന പൂരിതമാണെന്ന കാര്യം സദസ്യർക്ക് വ്യക്തമാക്കി കൊടുക്കൽ ഖലീഫക്ക് അനിവാര്യമായിരുന്നു.

ഒരു വനിതാ അതിഥി പറയുന്നു: 'ആദ്യമായി എന്റെ ദൃഷ്ടി ഖലീഫയിൽ പതിഞ്ഞതും എന്നെ വിസ്മയപരതന്ത്രയാക്കി. എന്നാൽ ഒപ്പംതന്നെ ആദരവുമുണ്ടായിരുന്നു. എനിക്ക് ഇസ്‌ലാം മതത്തെ കുറിച്ച് അറിയാൻ താൽപര്യമുണ്ട്. ഇസ്‌ലാമിനെ കുറിച്ച് ഇനിയും കൂടുതൽ കാര്യങ്ങൾ പഠിക്കാനുണ്ടെന്ന് ഇന്നത്തെ പ്രഭാഷണത്തിൽനിന്ന് എനിക്ക് വ്യക്തമായി. യഥാർഥത്തിൽ ഇസ്‌ലാം സമാധാനത്തിന്റെ മതമാണ്. വിദ്വേഷം നിലനിറുത്തുന്നവരുടെ ഉള്ളിൽനിന്ന് അത് അകറ്റാൻ സാധിക്കുന്നതിനും ഇന്നത്തെ പ്രഭാഷണം അനിവാര്യമായിരുന്നു.

ഒരു അതിഥി പറയുന്നു: 'ഖലീഫ പറഞ്ഞ എല്ലാ കാര്യങ്ങളും എനിക്കിഷ്ടമായി. വളരെയധികം പ്രിയപ്പെട്ടതും സമാധാന നിർഭരവുമായ അധ്യാപനമാണ് അദ്ദേഹം സമർപ്പിച്ചത്. എന്നാൽ പകരം ചോദിക്കൽ അനിവാര്യമല്ലെന്നും നേരേ മറിച്ച് മാപ്പു ചെയ്യലും ഫലദായകമാണെന്നുമുള്ള ഒരു വാക്ക് എന്നെ വിസ്മയിപ്പിച്ചു.

ഒരു അതിഥിയായ അർണോ താപ്പെ(Arno Tappe) സാഹിബ് പറയുന്നു: എനിക്ക് മുമ്പേയും ഖലീഫയുടെ പ്രഭാഷണം കേൾക്കാൻ സാധിച്ചിട്ടുണ്ട്. അന്നും ഖലീഫയുടെ വാക്കുകൾ എന്നിൽ ഒരു സ്വാധീനം ചെലുത്തിയിരുന്നു. ഇപ്പോഴും അദ്ദേഹത്തിന്റെ വാക്കുകൾ എന്നിൽ സവിശേഷമായ സ്വാധീനം ചെലുത്തുന്നു. കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണം വളരെയധികം സ്ഥലങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നതിനാൽ എത്രയും വേഗം ഇത് പ്രിന്റ് ചെയത് എല്ലാ അതിഥികൾക്കും പാർലമെന്റംഗങ്ങൾക്കും മറ്റും നല്കണമെന്നാണ് എന്റെ അഭിപ്രായം. അതുമുഖേന എല്ലാവർക്കും കാലത്തിന്റെ ഖലീഫയുടെ വാക്കുകൾ നേരിട്ട് എത്തിച്ചേരും.

### 2019 ഒക്ടോബർ 23, ബുധനാഴ്ച

06.45-ന് ഹുദൂർ അൻവർ മസ്ജിദ് ഖദീജയിൽ സ്വുബ്ഹി നമസ്കാരത്തിനു നേതൃത്വം നല്കി. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ രാവിലെ ഓഫീസ് സംബന്ധമായ കത്തുകളും സാധാരണ കത്തുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും ആവശ്യമായ മാർഗനിർദേശങ്ങൾ നല്കുകയും ചെയ്തു.

### റേഡിയോ ഡെച്ച്‌ലാന്റുമായി അഭിമുഖം.

റേഡിയോ ഉലൗരേവെഹമിറ വനിത പ്രതിനിധി ഹുദൂറിനെ ഇന്റർവ്യൂ ചെയ്തു. തുടർന്ന് വിദേശകാര്യ വകുപ്പിലെ റിലീജ്യൻ ആന്റ് പൊളിറ്റിക്സ് ഡിപ്പാർട്ടുമെന്റിലെ അംബാസഡർ ബാരെഷെയിം (Barresheim) സാഹിബ് ഹദൂറുമൊത്ത് കൂടിക്കാഴ്ച നടത്തി.

10.35-ന് ഹുദൂർ ഓഫീസിലെത്തി. റേഡിയോ Deutschland മഹിളാ പ്രതിനിധി ഹുദൂറുമായി കൂടിക്കാഴ്ച നടത്തുകയും ഇന്റർവ്യൂ ചെയ്യുകയും ചെയ്തു.

വനിത ജേർണലിസ്റ്റ്: അങ്ങയുടെ പ്രസംഗം ഞാനിന്നലെ ശ്രവിച്ചു. എന്റെ ആദ്യ ചോദ്യം ഇതാണ്. യൂറോപ്പിൽ നിർമതത്വം വർധിക്കുന്നതായും ഇസ്‌ലാമിനെ അപേക്ഷിച്ച് ഇത് യൂറോപ്പിന് അപകടകരമാണെന്നും അങ്ങ് പറഞ്ഞിരുന്നു. അതുകൊണ്ട് ക്രൈസ്തവരാണെങ്കിലും യഹൂദരാണെങ്കിലും മറ്റേതു മതക്കാരാണെങ്കിലും അവരെ മതത്തിലേക്ക് കൊണ്ടുവരുന്നതിനെ സംബന്ധിച്ചും അങ്ങ് സൂചിപ്പിച്ചു. ധാർമികമായ മൂല്യങ്ങൾക്ക് നിർമതത്വം ഏതു വിധത്തിലുള്ള അപകടമാണ് അങ്ങയുടെ വീക്ഷണത്തിൽ ഉണ്ടാക്കുന്നത്?

ഹുദൂർ: ബൈബിളും ഖുർആനും ഉൾപ്പെടെ എല്ലാ മതഗ്രന്ഥങ്ങളിലും ചില ധാർമികപരമായ മൂല്യങ്ങളെ കുറിച്ചുള്ള വിവരം ലഭിക്കുന്നുണ്ട്. അവയൊന്നും ഒരിക്കലും ഗൗനിക്കപ്പെടുന്നില്ല. ഉദാഹരണമായി മുമ്പേ ചെയ്യുന്നതുപോലെ മാതാപിതാക്കൾ ആദരിക്കപ്പെടുന്നില്ല. അഥവാ മതഗ്രന്ഥങ്ങളിലെ അധ്യാപനങ്ങളനുസരിച്ച് ചെയ്യപ്പെടുന്നില്ല. അതുപോലെ ദൈനംദിന ജീവിതത്തിൽ പുലർത്തേണ്ട പല കാര്യങ്ങളും പൂർണമായും ആദരിക്കപ്പെടുന്നില്ല.

നിങ്ങൾക്ക് പത്രത്തിൽ വായിക്കാൻ സാധിക്കും, മാതാപിതാക്കളുടെ കുട്ടികളോടുള്ള പെരുമാറ്റം ശരിയല്ലെന്ന റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു. മാതാപിതാക്കളുടെ വീക്ഷണമാകട്ടെ വ്യത്യസ്തമാണുതാനും. കുട്ടികൾക്ക് ഇത്രയധികം സ്വാതന്ത്ര്യം നല്കരുതെന്ന് മാതാപിതാക്കൾ ഇപ്പോൾ ശബ്ദം ഉയർത്താൻ തുടങ്ങിയിരിക്കുന്നു. ഇങ്ങനെയുള്ള മതഗ്രന്ഥങ്ങളിൽ സൂചിപ്പിക്കുന്ന പല ധാർമികപരമായ മൂല്യങ്ങളും സമൂഹത്തിൽ അവഗണിക്കപ്പെടുന്നു. അതിനെക്കുറിച്ച് ചിന്തിക്കാറുമില്ല.

മഹിളാ ജേർണലിസ്റ്റ്: മതസ്വാതന്ത്ര്യത്തെകുറിച്ചും പ്രത്യക്ഷമായ സാഹോദര്യത്തിന്റെ പ്രാധാന്യത്തെ കുറിച്ചും അങ്ങ് സംസാരിച്ചു. എന്നാൽ അങ്ങ് ഇസ്‌ലാമിക രാജ്യങ്ങളിലേക്ക് നോക്കുക. വളരെയധികം ഇസ്‌ലാമിക രാജ്യങ്ങളിൽ ന്യൂനപക്ഷത്തോടു ക്ഷമയോടും സഹവർത്തിത്വത്തോടും വർത്തിക്കുന്നില്ല. അഹ്മദിയ്യാ ജമാഅത്തിനും ഈയൊരവസ്ഥ

നേരിടേണ്ടി വരുന്നു. യൂറോപ്പിൽ നിലവിലുള്ള മതസ്വാതന്ത്ര്യം അങ്ങയ്ക്ക് കൂടുതൽ പുരോഗതി കൈവരിക്കാനുള്ള അവസരം സൃഷ്ടിക്കുന്നുണ്ടോ.?

ഹുദൂർ: യൂറോപ്പിൽ ആശാവഹമായൊരു കാര്യം ബാഹ്യദൃഷ്ട്യാ തീർച്ചയായും നിലനിൽക്കുന്നു. അഭിപ്രായ സ്വാതന്ത്ര്യവും അഥവാ മതവും വിശ്വാസവും പുലർത്താനുള്ള സ്വാതന്ത്ര്യവും ലഭിക്കുന്നു. സ്വന്തം തൃപ്തിക്കനുസരിച്ചുള്ള ഏതു വിശ്വാസമാണോ പുലർത്തുന്നത് അതനുസരിച്ച് പ്രവർത്തിക്കാനും വെളിപ്പെടുത്താനും ഇവിടെ സ്വാതന്ത്ര്യമുണ്ട്. എന്നാൽ, ചില ഇസ്‌ലാമിക രാജ്യങ്ങളിൽ ഈ അവകാശം നിഷേധിക്കപ്പെടുന്നു.

മതത്തിന്റെ കാര്യത്തിൽ ഒരു ബലാൽക്കാരവും പാടില്ലെന്ന് വിശുദ്ധ ഖുർആനും പറയുന്നു. ഞങ്ങളും ഇതിൽതന്നെയാണ് വിശ്വസിക്കുന്നത്. എന്നാൽ, നമ്മുടെ വിശ്വാസം പ്രഘോഷിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നതിനോടൊപ്പം ജനങ്ങൾക്ക് ഈ സന്ദേശം ശരിയാണെന്ന് തോന്നുകയും ഇഷ്ടപ്പെടുകയും ചെയ്യുകയാണെങ്കിൽ അതിനെ അംഗീകരിക്കും. ഇവിടെ ഉത്തമമായ വിദ്യാഭ്യാസത്തിന് വഴികളുണ്ടെന്ന് നമ്മൾ കരുതുന്നു. അഥവാ ഇവിടുത്തെ ജനങ്ങൾ മതങ്ങളിലേക്ക് ശ്രദ്ധിച്ചാൽ ഇസ്‌ലാമികാധ്യാപനങ്ങൾ അവരുടെ ആത്മീയോന്നതിക്കും അവരെ മതങ്ങളിലേക്ക് മടക്കി കൊണ്ടു വരുന്നതിനും വളരെ പ്രയോജനപ്രദമാണെന്ന് കാണുന്നതാണ്. അതുകൊണ്ട് ജനങ്ങളുടെ ശ്രദ്ധ മതത്തിലേക്ക് തിരിഞ്ഞാൽ ഇവിടെ ഇസ്‌ലാം വളരെ പുരോഗതി നേടും.

ജേർണലിസ്റ്റ്: അഹ്‌മദികൾക്ക് തങ്ങളുടെ ജമാഅത്തിന് പുറത്തു വിവാഹം കഴിക്കാൻ അനുവാദമില്ല. ഇതിനെ വിശ്വാസ സ്വാതന്ത്ര്യത്തോടു അങ്ങ് എങ്ങനെ ബന്ധിപ്പിക്കും? ഇഷ്ടമുള്ളവരെ വിവാഹം കഴിക്കാനുള്ള സ്വാതന്ത്ര്യം ലഭ്യമല്ലേ?

ഹുദൂർ: ഇക്കാര്യം പൂർണമായും ശരിയല്ല. ചിലപ്പോൾ സ്ത്രീകൾ പുരുഷന്മാരുടെ സ്വാധീനത്തിൽ വരുന്നു. അതുകൊണ്ട് ഒരു അഹ്‌മദി പെൺകുട്ടി ജമാഅത്തിന് പുറത്ത് വിവാഹം കഴിക്കുകയാണെങ്കിൽ പെൺകുട്ടിയും അവരുടെ മക്കളും പുരുഷന്റെ സ്വാധീന വലയത്തിൽ വരാൻ സാധ്യതയുണ്ടെന്നാണ് നാം പറയുന്നത്. പുരുഷനും സ്ത്രീയും വെവ്വേറെ മതവുമായി ബന്ധപ്പെട്ടവരാണെങ്കിൽ കുറച്ച് കാലത്തിനുള്ളിൽതന്നെ ഭിന്നിപ്പുകൾ തുടങ്ങുന്നു. ഇതു കാരണത്താൽ അവരുടെ വീട് നശിക്കുന്നു. മറുഭാഗത്ത് ചില പെൺകുട്ടികൾ എന്നോട് അനുവാദം ചോദിക്കാറുണ്ട്. ഞാനവർക്ക് അനുവാദം കൊടുക്കാറുമുണ്ട്. കൂടാതെ ചില അഹ്‌മദി യുവാക്കളും ജമാഅത്തിന് പുറത്ത് വിവാഹം കഴിക്കാറുണ്ട്. ക്രിസ്തുമതവുമായും ഇതരമതങ്ങളിൽ നിലനില്ക്കുന്ന ഭാര്യമാരുള്ള അഹ്‌മദി പുരുഷന്മാരും പലരുണ്ട്. ചുരുക്കത്തിൽ ഏകദൈവത്തിൽ വിശ്വാസമുള്ള ബിംബത്തെ പൂജിക്കാത്ത ഒരു വിശ്വാസിയെയാണ് വിവാഹം കഴിക്കേണ്ടതെന്നാണ് നമ്മുടെ വിശ്വാസം.

ജേർണലിസ്റ്റ്:ഇന്നലത്തെ പരിപാടിയിൽ ഒരു മഹിളയേയും എനിക്കു കാണാൻ സാധിച്ചില്ല.ഇതു വിഷയകമായി അങ്ങയുടെ അഭിപ്രായമെന്താണ്?

ഹുദൂർ: ഇന്നലെ നടന്ന പരിപാടി പുറത്തുനിന്നു വരുന്നവർക്കു വേണ്ടി ഉള്ളതായിരുന്നു. വളരെയധികംപേരെ ക്ഷണിച്ചിരുന്നു. വളരെയധികം പേര് ഇവിടെ വരുമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ അവിടെ വളരെ കുറച്ചു സീറ്റ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ പരിപാടി സംഘടിപ്പിച്ചതും പുരുഷന്മാരായിരുന്നു. ഇതര സാഹചര്യങ്ങളിൽ അതിഥികൾക്കൊപ്പം വരുന്ന സ്ത്രീകൾക്കും ഇരിക്കാൻ നമ്മൾ അനുമതി നല്കാറുണ്ട്. എന്നാൽ, ഇന്നലെ നടന്ന പരിപാടിയിൽ അഹ്‌മദി സ്ത്രീകളാരും അതിഥികളെ കൊണ്ടുവരാനുള്ള പരിപാടി ഇല്ലായിരുന്നു. പരിപാടിയിൽ പുരുഷന്മാർ മാത്രമേ പങ്കെടുക്കുന്നുണ്ടായിരുന്നുള്ളൂ. അതുകൊണ്ട് അവിടെ ചില പുരുഷന്മാർ വന്നു, സ്ത്രീകളാരും വരികയുണ്ടായില്ല. എന്നാൽ, പൊതുവേ നമ്മുടെ മസ്ജിദുകളിലെ പരിപാടിയിലും ഇതര ഫംങ്ഷനുകളിലും ധാരാളം സ്ത്രീകളും പങ്കെടുക്കാറുണ്ട്.

ജേർണലിസ്റ്റ്: അഹ്‌മദീ സ്ത്രീകൾക്ക് ഏറ്റവും നല്ല ഇടം വീടു തന്നെയാണെന്ന് ഞാൻ വായിച്ചിട്ടുണ്ട്!

ഹുദൂർ: ഇസ്‌ലാം പുരുഷന്മാർക്കും സ്ത്രീകൾക്കും അവരുടെ ഉത്തരവാദിത്വം വെവ്വേറെ നല്കിയിട്ടുണ്ട് എന്നതാണ് പ്രാഥമികമായ കാര്യം. ഇതനുസരിച്ച് സമ്പാദിക്കേണ്ട ഉത്തരവാദിത്വം പുരുഷന്മാർക്കാണ്. ധനപരമായി അയാളായിരിക്കും വീടിനെ നയിക്കുന്നത്. പൊതുവേ സ്ത്രീകൾ വീട്ടിലെ കാര്യങ്ങൾ നോക്കുന്നു. കുട്ടികളുടെ ശിക്ഷണ കാര്യങ്ങൾ നോക്കുന്നു. എന്നാൽ, ഇതോടൊപ്പം സ്ത്രീകൾക്ക് വിദ്യാഭ്യാസം നേടാനുള്ള അവകാശത്തെ നാം ഹനിക്കാറില്ല. ഏതെങ്കിലും സ്ത്രീകൾ വിദ്യാസമ്പന്നയാണെങ്കിൽ എഞ്ചിനിയറോ ഡോക്ടറോ അധ്യാപികയോ മറ്റേതെങ്കിലും തസ്തികയിൽ വിദ്യ കരസ്ഥമാക്കിയവളാണെങ്കിൽ അവൾ പുറത്തുപോയി ജോലി നോക്കുന്നു. എന്നാൽ, അവർ വീട്ടൽ മടങ്ങി വരുമ്പോൾ വീട്ടിലെ കാര്യങ്ങളും ശ്രദ്ധിക്കേണ്ടി വരുന്നു. അതുകൊണ്ട് പ്രഥമമായ കാര്യം ഇതു തന്നെയാണ്.

ശേഷം പേജ് 12 ൽ

പേജ് 5 ൽ നിന്ന്

ആണ്. ഇന്നലെ രാത്രി ഞാൻ ഒരു സ്വപ്നം കണ്ടിരുന്നു ഇമാം മഹ്ദി വന്നു എന്ന്. നേരത്തെതന്നെ എനിക്ക് അഹ്‌മദിയ്യാ ജമാഅത്തിനെ കുറിച്ച് അറിവുണ്ടായിരുന്നു. അതുകൊണ്ട് ഞാൻ ഉടനെ ബയ്അത്തും ചെയ്തു. അപ്പോൾ അദ്ദേഹത്തിന്റെ പിതാവ് പറഞ്ഞു. ഞാനും ബയ്അത്തു ചെയ്യാനാഗ്രഹിക്കുന്നു. ഇങ്ങനെയാണ് അല്ലാഹു ആളുകളെ കൊണ്ടുവരുന്നത്.

ബുർക്കിനാ ഫാസോ (**Burkina Faso**)യിലെ മുഅല്ലിം സേലാ കരീം സാഹിബ് പറയുന്നു: ഞങ്ങളുടെ പ്രദേശത്ത് ഹമീദ് എന്ന ഒരു വ്യക്തിയുണ്ട്. അദ്ദേഹം പതിവായി റേഡിയോ കേൾക്കുമായിരുന്നു. ജമാഅത്തിനോടു സഹാനുഭൂതിയുള്ള ആളാണ്. ചിലപ്പോൾ വന്നു ചന്ദയും നൽകിയിരുന്നു. മാത്രമല്ല പലപ്പോഴും കൃത്യമായി നല്കിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു. എന്നാൽ, ബയ്അത്ത് ചെയ്യാൻ പറഞ്ഞാൽ ഏതെങ്കിലും വിധത്തിൽ ഒഴിഞ്ഞു മാറിയിരുന്നു. ആം ചന്ദയല്ല, തഹ്‌രീക്കെജദീദ് വഖ്ഫ് ജദീദ് ചന്ദയായിരിക്കാം അതല്ലെങ്കിൽ മറ്റേതെങ്കിലും ഫണ്ടുകളിലുള്ള സ്വദഖ യായിരിക്കാം. ഏതായിരുന്നാലും അദ്ദേഹം ചന്ദ കൊടുത്തിരുന്നു. സാമ്പത്തിക ത്യാഗം ചെയ്തിരുന്നു. ഘാനയിലും ഞാൻ കണ്ടിട്ടുണ്ട്, ഞാൻ അവിടെ ഉണ്ടായിരുന്നപ്പോൾ ഒരുപാടാളുകൾ സക്കാത്ത് നിർബന്ധമായിട്ടുള്ളവർ തങ്ങളുടെ സക്കാത്ത് തന്നിരുന്നു. തങ്ങളുടെ മൗലവിമാർ ഇത് തിന്നുമെന്നും അഹ്‌മദിയ്യാ ജമാഅത്ത് ശരിയായി ഉപയോഗിക്കുമെന്നുമായിരുന്നു അവരുടെ നിലപാട്. ഏതായിരുന്നാലും ഇങ്ങനെ അവിടെ ജനങ്ങൾ കൊടുത്തിരുന്നു. ഒരു ദിവസം അദ്ദേഹം ഒരു സ്വപനം കണ്ടു. ഒരു സമ്മേളനം നടക്കുകയാണ്. ജനങ്ങൾ നാലു ഭിത്തിക്കുള്ളിലാണുള്ളത്. ചിലർ അതിനു പുറത്താണുള്ളത്. അദ്ദേഹം പറയുന്നു: നാലു മതിൽക്കെട്ടിനകത്തുള്ളവർ എല്ലാവരും അഹ്‌മദികളാണ്. 'ഞാൻ അവരുടെ കൂടെയുള്ള ആളാണ്. എന്നെയും അകത്തേക്ക് വിടുകയെന്ന് ഞാൻ പറയുകയാണ്. അപ്പോൾ അദ്ദേഹം ഒരു ശബ്ദം കേട്ടു. ഈ നാലു ചുവരുകൾക്കുള്ളിലുള്ളവർ ബയ്അത്ത് ചെയ്തവരാണ്. താങ്കൾ ബയ്അത്ത് ചെയ്യാത്തതുകൊണ്ട് അകത്തേക്ക് പോകാൻ സാധ്യമല്ല. അങ്ങനെ ഈ സ്വപനത്തിനുശേഷം അടുത്ത ദിവസം തന്നെ വന്നു അദ്ദേഹം ബയ്അത്ത് ചെയ്തു. മാനുഷിക പ്രവർത്തനങ്ങൾകൊണ്ട് അദ്ദേഹത്തെ ജമാഅത്തിൽ പ്രവേശിപ്പിക്കാൻ കഴിഞ്ഞില്ല. എന്നാൽ, ശുദ്ധ പ്രകൃതമായിരുന്നു. അല്ലാഹു അദ്ദേഹത്തെ പാഴാക്കിയില്ല. അഥവാ അല്ലാഹു അദ്ദേഹത്തെ പാഴാക്കാൻ ആഗ്രഹിച്ചിരുന്നില്ല. അതുകൊണ്ടാണ് അദ്ദേഹത്തിനിങ്ങനെ മാർഗദർശനം നൽകിയത്. തങ്ങൾക്കെന്തുകൊണ്ട് ഇങ്ങനെ സ്വപ്നങ്ങൾ ഉണ്ടാകുന്നില്ലെന്ന് ആക്ഷേപിക്കുന്നവർക്കുള്ള മറുപടിയുമാണിത്.

ആദ്യം ശുദ്ധ പ്രകൃതമാകുകയും മനസ്സിനെ ശുദ്ധമാക്കുകയും ചെയ്തുകൊണ്ട് ദുആ ചെയ്യുക. അങ്ങനെയായാൽ അല്ലാഹു മാർഗ്ഗദർശനം നൽകുന്നതാണ്.

മാലി(**Mali**)യിൽ ഒരു സുഹൃത്തുണ്ട്. മുഹമ്മദ് കോനെ സാഹിബ്. അദ്ദേഹം ജമാഅത്തിന്റെ റേഡിയോ കേൾക്കാറുണ്ടായിരുന്നു. ജമാഅത്തിന്നെതിരിൽ ആളുകൾ പറഞ്ഞിരുന്ന കാര്യങ്ങളും കേട്ടിരുന്നു. അതിനുശേഷം അദ്ദേഹം സന്മാർഗം കിട്ടാൻ അല്ലാഹുവിനോട് ദുആ ചെയ്യാൻ തുടങ്ങി. തുടർന്ന് അദ്ദേഹം പറയുന്നു, ഞാൻ സ്വപ്നത്തിൽ ഒരു വ്യക്തിയെ കണ്ടു. സ്വപ്നത്തിൽ വന്ന ആ വിശിഷ്ടവ്യക്തി പറയുന്നുണ്ടായിരുന്നു. എല്ലാവരും അഹ്‌മദിയ്യത്തിൽ വരും. ഇപ്പോൾ അല്ലെങ്കിൽ പിന്നീടു വരുന്നതാണ്. ഇത് അല്ലാഹുവിന്റെ വിധിയാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനവുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അഹ്‌മദിയ്യാ ഖിലാഫത്ത് എന്ന ഈ അനുഗ്രഹം മുഖേന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യം പൂർത്തീകരിക്കപ്പെടുന്നതാണ്. ഏതായിരുന്നാലും

ഈ കാര്യത്തെത്തുടർന്നു അദ്ദേഹം ബയ്അത്ത് ചെയ്തു.

ഗിനി-ബിസോ(**Guinea Bissau**)ലെ മുബല്ലിഗ് എഴുതുന്നു. നമ്മുടെ നവ അഹ്മദിയാണ് ഉഥ്മാൻ സാഹിബ്. അദ്ദേഹത്തിന്റെ ബന്ധുക്കൾ ധാരാളമായി അഹ്മദിയത്ത് സ്വീകരിക്കുന്നു എന്നറിഞ്ഞപ്പോൾ ചില മൗലവിമാരെ ജമാഅത്തിനെ എതിർക്കുന്നതിന് വേണ്ടി ആ പ്രദേശത്ത് കൊണ്ടുവന്നു. നമ്മുടെ മുഅല്ലിം അവരോട് പറഞ്ഞു: നിങ്ങൾ തീർച്ചയായും എതിർത്തുകൊള്ളുക. നിങ്ങളെ തടയുന്നില്ല. പക്ഷേ, ഞങ്ങളുടെ സന്ദേശം ഒരിക്കൽ കേൾക്കുക. ഞങ്ങളുടെ കാര്യം ശ്രവിക്കുക. പിന്നെ തെളിവുകൾ മുഖേന എതിർത്തുകൊള്ളുക. മൗലവിമാർ സന്ദേശം കേൾക്കുന്നതിനുവേണ്ടി വരാൻ വിസമ്മതിച്ചു. എന്നാൽ, ഉഥ്മാൻ സാഹിബ് ക്ഷണം സ്വീകരിക്കുകയും അഹ്മദിയ്യാ സന്ദേശം കേൾക്കാൻ വരികയും ചെയ്തു. അദ്ദേഹത്തോട് ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നതിനെ കുറിച്ച് പറഞ്ഞു കൊടുത്തു. അദ്ദേഹം വന്നത് ഒരു ജുമുഅ ദിവസം ആയിരുന്നു. ആ ദിവസം അവിടെ **mta** യിൽ എന്റെ ഖുത്ബ വരുന്നുണ്ടായിരുന്നു ഞങ്ങൾ അദ്ദേഹത്തോട് പറഞ്ഞു: 'താങ്കൾക്ക് സമയമുണ്ടെങ്കിൽ കുറച്ചുനേരം ഖുത്ബ കേട്ടിട്ട് പോകാം. അദ്ദേഹം പറഞ്ഞു കുറച്ചുസമയമുണ്ട്. ഞാൻ കുറച്ചു സമയം ഖുത്ബ കേൾക്കാം. ഖുത്ബ കേട്ടു തുടങ്ങിയപ്പോൾ എത്ര സമയമായെന്ന് അദ്ദേഹം മറക്കുകയും ഖുത്ബ മുഴുവൻ കേൾക്കുകയുമുണ്ടായി. പിന്നെ അദ്ദേഹം പറഞ്ഞു: ഞാൻ കേട്ടതുപോലെ അഹ്മദിയ്യാ ജമാഅത്ത് കാഫിറാകാൻ തരമില്ല. കാരണം നിങ്ങളുടെ ഖലീഫ ഹദ്റത്ത് മുഹമ്മദ്(സ)ന്റെ സ്വഹാബാക്കളുടെ ചരിത്രമാണ് കേൾപ്പിക്കുന്നത്. കാഫിറായ ഒരു ജമാഅത്തിന് ഇത് ചെയ്യാൻ സാധ്യമല്ല. തുടർന്ന് അദ്ദേഹം ജമാഅത്തിനോടുള്ള വിരോധം അവസാനിപ്പിച്ചു.കുറച്ചുകാലത്തിനുശേഷം തന്റെ കുടുംബത്തോടൊപ്പം ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു. ജമാഅത്തിൽ ചേരുക മാത്രമല്ല തബ്ലീഗും ചെയ്തു കൊണ്ടിരിക്കുന്നു. തന്റെ ചന്ദയും കൃത്യമായി കൊടുക്കുന്നു. ഇങ്ങനെയാണ് ഖുത്ബയ്ക്ക് പ്രഭാവമുണ്ടാകുന്നത്! അത് അല്ലാഹു കാലത്തിന്റെ ഖലീഫയുടെ ഖുത്ബകളിൽ വെച്ചിട്ടുള്ളതാണ്.

കോംഗോ കിൻഷാസാ(**Congo kinshasa**) യിലെ പ്രാദേശിക മിഷണറി പറയുന്നു: 'ഒരു പ്രദേശത്ത് തബ്ലീഗ് പ്രവർത്തനങ്ങൾ ആരംഭിച്ചു. അനഹ്മദി ജമാഅത്ത് സംഘടിതമായി എതിർപ്പും തുടങ്ങി. മൂന്നു മാസങ്ങൾക്കുശേഷം ഒരു ദിവസം ആ വിരോധികളിൽ തന്നെയുള്ള ഒരു സുഹൃത്ത് ഉഥ്മാൻ സാഹിബ് മിഷൻഹൗസുമായി ബന്ധപ്പെട്ടു കൊണ്ട് പറഞ്ഞു: 'ഞാനെന്റെ എല്ലാ കുടുംബക്കാരോടുമൊപ്പം ജമാഅത്തിൽ ചേരുകയാണ്. അദ്ദേഹത്തോട് കാരണം ചോദിച്ചപ്പോൾ പറഞ്ഞു: എന്റെ ഭാര്യ സാറ്റലൈറ്റ് ചാനൽ നോക്കികൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ ചാനൽ **mta** വരികയുണ്ടായി. അവൾക്കറിയാമായിരുന്നു ഞാൻ അഹ്മദിയ്യത്തിന്റെ എതിർപ്പിൽ വളരെ മുമ്പന്തിയിലാണെന്നു! അവൾ എന്നെ വിളിച്ചു. ഞാൻ ജമാഅത്തിന്നെതിരിൽ പറയാൻ തുടങ്ങിയപ്പോൾ എന്റെ ഭാര്യ പറഞ്ഞു: ആദ്യം മുഴുവൻ പ്രോഗ്രാമും കേൾക്കൂ! പിന്നീട് പറയൂ! ആ സമയത്ത് അവിടെ **mta** യിൽ എന്റെ ഖുത്ബ സംപ്രേഷണം ചെയ്യപ്പെടുന്നുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: ഖുത്ബ കേട്ടതിനുശേഷം, എന്റെ കാതുകളിൽ ഇന്ന് കേട്ട ശബ്ദം എനിക്കുറപ്പ് നൽകിയത് ഇതുതന്നെയാണ് യഥാർഥ ഇസ്ലാമിന്റെ ചിത്രം എന്നാണ്. ഖലീഫയെ ശ്രവിച്ചതിനുശേഷം ജമാഅത്തിന്റെ സത്യതയിൽ എനിക്കൊരു സംശയവും ബാക്കിയായില്ല.

ഇത് എന്റെ വ്യക്തിപരമായ മേന്മയൊന്നുമല്ല. മറിച്ച് അല്ലാഹു ഖിലാഫത്ത് മുഖേന മസീഹ് മൗഊദ്(അ)ന്റെ ദൗത്യം പൂർത്തിയാക്കുമെന്ന വാഗ്ദാനമാണിത്. ഇത് അല്ലാഹുവന്റെ അനുഗ്രഹമാകുന്നു. അതിന്റെ പ്രകടനമാകുന്നു.

ഗിനി-ബിസോ(**GuineaBissau**)ലെ ഇൻചാർജ് മുബല്ലിഗ് പറയുന്നു. ഒരു ഗ്രാമത്തിൽ തബ്ലീഗ് ചെയ്തു. ഭൂരിഭാഗമാളുകളും അഹ്മദിയ്യത്ത് സ്വീകരിച്ചു. നാലു കുടുംബങ്ങൾ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിന് വിസമ്മതിച്ചു. ഞങ്ങളുടെ ടീം അവിടെ **mta** ഇൻസ്റ്റാൾ ചെയ്യാൻ പോയപ്പോൾ മുഅല്ലിം സാഹിബ് എതിർപ്പുണ്ടായിരുന്ന കുടുംബങ്ങളെയും മസ്ജിദിലേക്ക് വിളിച്ചിട്ട് പറഞ്ഞു: 'ഞങ്ങളുടേത് മുസ്ലിം ചാനലാകുന്നു. ഇത് കാണുക. ഇവിടെ ഫോട്ടോകളും കാണാം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും കാലത്തിന്റെ ഖലീഫയുടെയും ഫോട്ടോകളും കാണാം. ഏതായാലും പറയുന്നു: **installation** പൂർത്തിയാക്കി നമസ്കാരത്തിനുശേഷം വീണ്ടും **mta** ഓണാക്കിയപ്പോൾ ആ സമയത്ത് എന്റെ ഖുത്ബ ാമേ യിൽ നടക്കുകയായിരുന്നു. അദ്ദേഹം, അതായത് അനഹ്മദി സഹോദരൻ വളരെ ശ്രദ്ധയോടു കൂടി എന്റെ ഖുത്ബ കേൾക്കുന്നുണ്ടായിരുന്നു. അത് ഇംഗ്ലീഷ് ഭാഷയിലായിരുന്നു വന്നിട്ടുണ്ടായിരുന്നത്. മുഅല്ലിം സാഹിബ് പറഞ്ഞു: 'താങ്കൾക്കുവേണ്ടി തർജമ കേൾപ്പിക്കാം. അപ്പോൾ അദ്ദേഹം പറഞ്ഞു; എനിക്കൊന്നും മനസ്സിലാകുന്നില്ല. പക്ഷേ, അല്ലാഹുവിനെ ആണയിട്ടുകൊണ്ട് ഞാൻ പറയുന്നു: 'സംസാരിക്കുന്ന ഈ ആൾ കള്ളം പറയാൻ സാധ്യമല്ല. ഇനി ഇദ്ദേഹം അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയാണെങ്കിൽ ജമാഅത്ത് ഒരിക്കലും കളവാകാൻ സാധ്യമല്ല.' തുടർന്ന് അപ്പോൾത്തന്നെ താൻ അഹ്മദിയ്യത്തിൽ ചേരുന്നതായി വിളംബരപെടുത്തി.

മാലി(**Mali**)യിലുള്ള മുഅല്ലിം എഴുതുന്നു: ഒരാൾ നമ്മുടെ മിഷൻഹൗസിൽ വന്നു പറഞ്ഞു: 'ഞാൻ പതിവായി നിങ്ങളുടെ റേഡിയോ കേൾക്കുന്നുണ്ട്. ബയ്അത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു.' അദ്ദേഹം ബയ്അത്ത് ഫോറം പൂരിപ്പിച്ചു. അദ്ദേഹം എഴുത്തും വായനയുമുള്ള ആളായിരുന്നു. അതുകൊണ്ട് ഫ്രഞ്ച് ഭാഷയിലുള്ള ഏതെങ്കിലും പുസ്തകങ്ങൾ തനിക്ക് തരികഅത് താൻ പ്രയോജനപ്പെടുത്തുകയും തന്റെ സുഹൃത്തുക്കൾക്ക് കൊടുക്കുകയും ചെയ്യുന്നതാണെന്ന് പറഞ്ഞു. മുഅല്ലിം സാഹിബ് എന്റെ വിവിധ പ്രസംഗങ്ങളിലുള്ള സമാധാനത്തെ കുറിച്ചുള്ള **World Crisis and the pathway to peace** എന്നതിന്റെ ഫ്രഞ്ച് തർജമ അദ്ദേഹത്തിന് കൊടുത്തു. അദ്ദേഹം അവിടെതന്നെ പുസ്തകം തുറന്നു. അദ്ദേഹം എന്റെ ഫോട്ടോ കണ്ടപ്പോൾ കരയാൻ തുടങ്ങി. പിന്നീടു പറഞ്ഞു: 'ആദ്യം ഞാൻ ദാഊലിൽ ആയിരുന്നു. അല്ലാഹുവിനോട് എപ്പോഴും നേർമാർഗം ചോദിച്ചക്കോണ്ടിരിന്നു. ആ സമയത്ത് പല തവണ ഖലീഫത്തുൽ മസീഹിനെ സ്വപ്നത്തിൽ കണ്ടിട്ടുണ്ട്. ഇദ്ദേഹം ആരാണെന്ന് എനിക്കറിയില്ലായിരുന്നു. പക്ഷെ ഇന്ന് എൻറെ സ്വപ്നം സ്വീകരിക്കപ്പെട്ടു എന്നെനിക്ക് മനസ്സിലായി. അല്ലാഹു എനിക്ക് വഴി കാണിച്ച് തന്നിരിക്കുന്നു.

അറേബ്യായിലുള്ള ഒരു സ്ത്രീ നസ്മ സാഹിബ പറയുന്നു: 'ബയ്അത്തിന് രണ്ടു വർഷം മുമ്പേ ഞാൻ ആദ്യമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ കണ്ടു. അവർ ആ ചിത്രത്തെ അഭിമുഖീകരിച്ചുകൊണ്ട് പറയുന്നു. അതിന് മുമ്പേ ഞാൻ എന്റെ മകളെ കുറിച്ച് പറയാം. അവൾ തിരിച്ചും മറിച്ചും വരയിട്ട് എഴുതിയിരുന്നു, 'ഹുദൂർ! എനിക്ക് അങ്ങയോട് സ്നേഹമാണ്.' ഏതായാലും അവർ പറയുന്നു: 'കുട്ടികൾ കള്ളം പറയുന്നതല്ല. എന്റേയും മനസ്സിൽ വാലിയ സ്വാധീനമുണ്ടായി. അവരും ബയ്അത്ത് ചെയ്തു. കുറച്ചു കാലത്തിനുശേഷം പറയുകയാണ്, ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ കണ്ടപ്പോൾ ഇങ്ങനെ പറഞ്ഞു: അങ്ങയുടെ രൂപഭാവങ്ങൾ അങ്ങൊരു നല്ല വ്യക്തിയാണെന്നും കള്ളം പറയുകയില്ലെന്നും വ്യക്തമാക്കുന്നു. പക്ഷേ,

ത്വാലിബെ ദുആ



SABIR BURQA HOUSE

ALL TYPES OF READYMADE BURQA

ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.

CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

• അല്ലാഹുവിന്റെ കലാം •

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."**

*(വിശുദ്ധ ഖുർആൻ 14:36)*

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ഇതൊക്കെയാണെങ്കിലും അങ്ങ് വാനലോകത്തുനിന്ന് നിയോഗിതനാണെന്ന് എനിക്ക് അംഗീകരിക്കാൻ കഴിയില്ല. പറയുന്നു: രണ്ടു വർഷത്തിനുശേഷം പഠനമാരംഭിച്ചു. 2016 ആരംഭത്തിൽ ബയ്അത്തും ചെയ്തു. എന്നിട്ടും എന്റെ ഹൃദയത്തിൽ ഖിലാഫത്തിനെ കുറിച്ച് സംശയമുണ്ടായിരുന്നു. എന്റെ മനസ്സിന്റെ ശയ്ത്വാൻ ഖിലാഫത്ത് വാദിക്കുന്ന ആൾക്ക് ഞാൻ എങ്ങനെയാണ് എന്റെ ജീവിതത്തിന്റെ നിയന്ത്രണം കൊടുക്കുക. ഞാൻ അദ്ദേഹത്തിന് എന്തിന് കത്തെഴുതണം. എന്റെ അവസ്ഥകൾ എന്തിന് പറയണം. ഖിലാഫത്തുകൊണ്ട് എന്താണ് പ്രയോജനം. എന്നാൽ, ഈ സംശയം ഹദ്റത്ത് മുസ്ലിഹ് മൗഊദിന്റെ ഗ്രന്ഥമായ ഖിലാഫത്തെ റാശിദയും, അങ്ങയുടെ ഗ്രന്ഥമായ ഖിലാഫത്ത് വ്യവസ്ഥിതിയും അനുസരണവും വായിച്ചപ്പോൾ ഇല്ലാതായി. എല്ലാ കാര്യങ്ങളും എനിക്ക് വ്യക്തമായി. പിന്നെ ഞാൻ കത്തെഴുതി. അങ്ങയുടെ മറുപടിയും വന്നു. അതുമുഖേന സംശയങ്ങൾ പൂർണമായും ഇല്ലാതായി. ഖിലാഫത്തും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചുവടുകൾക്കൊപ്പം നീങ്ങുന്നതാണെന്ന് എനിക്ക് ബോധ്യമായി. അല്ലാഹു താൻതന്നെ മനസ്സുകളിലുണ്ടാക്കുന്ന സ്നേഹം അത് വളരെ ശക്തമായിട്ടാണ് സ്ഥാപിക്കുന്നത്. നമുക്കതിന് കാരണം കണ്ടെത്താൻ കഴിയില്ല. തുടർന്ന് പറയുന്നു: അതുകൊണ്ട് അധികം അഹ്മദികൾക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള സ്നേഹം അദ്ദേഹത്തിന്റെ ഖലീഫമാരോട് പൊതുവിലും അദ്ദേഹത്തോട് പ്രത്യേകമായുള്ള സ്നേഹം കുട്ടികളുടേതു പോലുള്ളതാണ്. ബയ്അത്തിന് മുമ്പേ ഞങ്ങൾക്ക് ഇത്തരം സ്നേഹത്തെ കുറിച്ച് ഒരു അനുമാനവും ഇല്ലായിരുന്നു.

നൈജീരിയ(**Nigeria**)യിൽനിന്ന് മിഷണറി എഴുതുന്നു, ഒരു ചോദ്യോത്തര വേളയിൽ ഒരു ചർച്ച വന്നു. കുട്ടികളെ അവരുടെ പിതാക്കന്മാരുടെ പേര് ചേർത്ത് വിളിക്കുന്നതിനു പകരം അവരുടെ പൂർവപിതാക്കളുടെ കുടുംബപ്പേര് ചേർത്ത് പറയുന്നു. അതെ കുറിച്ച് അവരോട് പറഞ്ഞു. വിശുദ്ധ ഖുർആനിന്റെ അധ്യാപനം കുട്ടികളെ അവരുടെ പിതാക്കന്മാരുടെ പേരിനൊപ്പം ചേർത്ത് വിളിക്കുക എന്നതാണ്. അക്കാര്യത്തിൽ അനഹ്മദികളും നവഅഹ്മദികളും പൂർണമായും തൃപ്തരല്ലായിരുന്നു. പക്ഷേ, പറയുന്നു: 'രണ്ടു ദിവസത്തിനുശേഷം ഞാൻ സ്വഹാബാക്കളെ കുറിച്ച് ഖുത്ബ കൊടുക്കുക യായിരുന്നു. അതിൽ ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്തിന്റെ സംഭവങ്ങൾ വിവരിച്ചകോണ്ടു പറഞ്ഞു: 'അറബികൾ സയ്ദ് ബിൻ മുഹമ്മദ് എന്ന് പറയാൻ തുടങ്ങിയിരുന്നു. അല്ലാഹുവിന്റെ നിർദേശം വന്നു. അദ്ദേഹത്തെ അദ്ദേഹത്തിന്റെ പിതാവിനോടു ചേർത്ത് പറയണം! ഈ ഖുത്ബ കേട്ടപ്പോൾ മുഴുവൻ ജമാഅത്തും അഹ്മദികളും സന്തോഷിച്ചു. രണ്ടു ദിവസം മുമ്പേ, ഇതേ കുറിച്ച് ചർച്ച നടന്നതായിരുന്നു. ഇപ്പോൾ കാലത്തിന്റെ ഖലീഫ നമുക്ക് മാർഗ്ഗദർശനം നൽകിയിരിക്കുന്നു. ചിലയാളുകൾ ധരിച്ചത് ഒരു പക്ഷേ, ഈ ദിവസങ്ങളിൽ മുബല്ലിഗ് ഈ കാര്യത്തെ കുറിച്ച് ഖലീഫയെ അറിയിച്ചിരുന്നു എന്നും അങ്ങനെ അദ്ദേഹം അത് പരാമർശിച്ചു എന്നുമാണ്. എന്നാൽ, അദ്ദേഹം പറഞ്ഞു: 'ഞാൻ ഒന്നും പറഞ്ഞിട്ടില്ല.' എന്നിട്ടു പറയുന്നു: 'അല്ലാഹു നമ്മുടെ ചോദ്യങ്ങൾക്ക് സ്വയം മാർഗ്ഗദർശനം നൽകിയിരിക്കുന്നു. ഈ സന്തോഷത്തിൽ ജമാഅത്തിലുള്ള ഒരു ധനികനായ വ്യക്തി മറ്റൊരു വലിയ ടി വി വാങ്ങി ാമേ കാണുന്നതിന് മസ്ജിദിലെ ലജ്നയുടെ ഭാഗത്ത് സ്ഥാപിച്ചു. അങ്ങനെ സ്ത്രീകളും അവിടെ ഇരിക്കാനും അവരും ഖിലാഫത്തിന്റെ അനുഗ്രഹത്തിൽനിന്ന് ഒഴിവാക്കപ്പെടാതിരിക്കാനും വേണ്ടി! തുടർന്നു പറയുന്നു: 'ഖിലാഫത്ത് ഹൃദയങ്ങളിലാണ് സംസാരിക്കുന്നത്. ഈ വിദൂര ദേശങ്ങളിൽ താമസിക്കുന്ന അഹ്മദികൾക്ക് വ്യത്യസ്ത സമൂഹങ്ങളിലും ഗോത്രങ്ങളിലും പെട്ടവർക്ക് ഖിലാഫത്തുമായുള്ള ബന്ധം ആരാണ് ഉണ്ടാക്കുന്നത്. തീർച്ചയായും ഇത് അല്ലാഹുവിന്റെ സഹായവും പിന്തുണയുമാകുന്നു. അല്ലാതെ മനുഷ്യ ചിന്തകൾക്ക് അതിനെ വലയം ചെയ്യാൻ കഴിയില്ല.'

ഇനി നോർവെ(**Norway**)യിലുള്ള ബരീഫാൻ സാഹിബ പറയുന്നു: 'എല്ലാ സത്യസന്ധരായ അഹ്മദിയും പറയുന്നു: തങ്ങളുടെ പ്രിയപ്പെട്ട ഹുദൂർ തങ്ങളുടെ ഹൃദയങ്ങളിലും കണ്ണുകളിലുമാണ് വസിക്കുന്നത്. തങ്ങൾ അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്യുന്നു. ഈ ലോകത്ത് അദ്ദേഹത്തെ സന്തോഷിപ്പിക്കാനും അദ്ദേഹത്തിന്റെ ഭാരം ലഘൂകരിക്കുന്നതിന് ചിന്തിക്കുന്നതിനുമായ മറ്റൊരു വിഷമവും ഞങ്ങൾക്കില്ല.

അങ്ങ് ഖുത്ബകളിൽ പറയുന്നു: എങ്ങനെയാണ് സ്വഹാബാക്കൾ തങ്ങളുടെ ശരീരങ്ങളിൽ അമ്പുകൾ ഏറ്റുവാങ്ങി നബി(സ)തിരുമേനിയെ സംരക്ഷിച്ചത്. ആക്രമണങ്ങൾക്കു മുന്നിൽ അടിപതറാതെ നിന്നത്. ആ ദൃശ്യത്തെ കുറിച്ച് ചിന്തിക്കുമ്പോൾ എന്റെ കണ്ണുകളിൽ അശ്രു വരുന്നു. ഞാൻ ചിന്തിക്കുകയാണ്. അത്തരം സന്ദർഭം എനിക്കു വന്നാൽ ഞാൻ എന്തു ചെയ്യും. പറയുന്നത് സ്ത്രീയാണ്! ഞാൻ ഉറച്ച് നിൽക്കുമോ? പിന്നെ ദുആ ചെയ്തു. അല്ലാഹുവെ ആ സ്വഹാബാക്കളെ പോലെ കാലത്തിന്റെ ഖലീഫയെയും ഖിലാഫത്തിനെയും തങ്ങളുടെ മനസ്സും സമ്പത്തും സന്തതികളും ത്യജിച്ചുകൊണ്ട് സംരക്ഷിക്കാൻ കഴിയുമാറാകേണമേ. ഞാൻ വർഷങ്ങളായി നമസ്കാരത്തിൽ ഇങ്ങനെ ദുആ ചെയ്യുന്നു: അങ്ങയ്ക്ക് എത്രമാത്രം ദുഃഖവും ഉത്തരവാദിത്വവുമുണ്ടോ അല്ലാഹു അത്രയും എണ്ണം മലക്കുകളെ ഇറക്കുമാറാകട്ടെ. അങ്ങയെ തന്റെ വലയത്തിൽ ആക്കുകയും ചെയ്യുമാറാകട്ടെ.

ചുരുക്കത്തിൽ ഈ ആത്മാർഥതയും കൂറുമുള്ള ബന്ധം അല്ലാഹു ജനഹൃദയങ്ങളിൽ ഉണ്ടാക്കിക്കൊണ്ടിരികുന്നു. ഇൻശാഅല്ലാഹ് ഖിയാമത്തുവരെ അല്ലാഹു ഈ കൂറിലും ആത്മാർഥതയിലും മുന്നേറുന്നവരെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് നൽകിക്കൊണ്ടിരിക്കുന്നതാണ്. അഹ്മദിയ്യാ ഖിലാഫത്തിന് നൽകിക്കൊണ്ടിരിക്കുന്നതാണ്. ഭൗതികരയായ ആളുകൾക്ക് ഇത് മനസ്സിലാക്കാൻ സാധ്യമല്ല.

ജർമനി(**Germany**)യിൽ നിന്ന് ഒരു അറബി ബയ്അത്ത് ചെയ്യുകയുണ്ടായി. അപ്പോൾ അദ്ദേഹത്തിന്റെ പരിചയക്കാരൻ ചോദിച്ചു: 'നിങ്ങൾ ഖാദിയാനി ആയിരിക്കുകയാണോ? ആ നവഅഹ്മദി പറഞ്ഞു: നിങ്ങൾ ഇവിടെ നൂറു അറബികളുണ്ട്. ഇദ്ദേഹവും അറബിയാണ്. നിങ്ങൾക്കൊരു കാര്യത്തിലും ഒരുമിക്കാൻ സാധ്യമല്ല. അഹ്മദിയ്യ ജമാഅത്തിന് ഒരു ഇമാമുണ്ട്. അദ്ദേഹം പറയുന്നതനുസരിച്ച് ജമാഅത്ത് എഴുന്നേൽക്കുകയും ഇരിക്കുകയും ചെയ്യും. അതുകൊണ്ട് അവരുടെ കർമങ്ങളിൽ അനുഗ്രഹമുണ്ട്. ഇനി നിങ്ങൾതന്നെ പറയുക. ഞാൻ അവരെ ഒഴിവാക്കി നിങ്ങളുടെ കൂടെ കൂടാൻ നിങ്ങൾക്കെന്ത് മേന്മയാണുള്ളത്?

ചുരുക്കത്തിൽ ഓരോ അഹ്മദിയും ഖിലാഫത്തുമായി ഒട്ടിച്ചേർന്നു നില്ക്കുവോളം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാകുന്നതാണ്. അതിന് നമ്മുടെ കർമങ്ങളെയും അല്ലാഹുവിന്റെ അധ്യാപനമനുസരിച്ച് മാറ്റേണ്ടിവരും. അപ്പോൾ മാത്രമേ ഈ അനുഗ്രഹം പ്രയോജനപ്രദമാകുകയുള്ളു. വിശ്വസിക്കുന്നതോടൊപ്പം തങ്ങളുടെ കർമങ്ങളും അല്ലാഹു പറഞ്ഞതനുസരിച്ച് ആക്കുന്നവരാണ് ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽനിന്ന് പ്രയോജനമെടുക്കുക എന്നതാണ് അല്ലാഹുവിന്റെ വാഗ്ദാനം. അതായത് നമ്മൾ അല്ലാഹുവിനെ പൂർണമായും വിശ്വസിച്ചു കൊണ്ട് അവന്റെ ഇബാദത്തുകൾ യഥാവിധി നിർവഹിക്കുകയും നമ്മുടെ ഓരോ കർമവും അവന്റെ അഭീഷ്ടം അന്വേഷിക്കുന്നതുമാണെങ്കിൽ നമുക്ക് ഈ അനുഗ്രഹം കിട്ടുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'വിശുദ്ധ ഖുർആനിൽ അല്ലാഹു വിശ്വാസത്തോടൊപ്പം സൽകർമ്മത്തെയും വെച്ചിരിക്കുന്നു. അമലേ സ്വാലിഹ് എന്നു പറഞ്ഞാൽ അതിൽ ഒരുവിധ ഫസാദും ഉണ്ടാകരുത്.' അദ്ദേഹം പറയുന്നു: 'ഒരു വീട്ടിൽ ഒരാളെങ്കിലും സൽകർമകാരിയായിട്ടുണ്ടെങ്കിൽ ആ വീടുമുഴുവൻ രക്ഷപ്പെടുന്നതാണ്. അറിയുക! നിങ്ങളിൽ സൽകർമ്മം ഇല്ലാത്തിടത്തോളം കേവലം വിശ്വസിച്ചതുകൊണ്ട് പ്രയോജനമൊന്നുമില്ല. ആയതിനാൽ നാം എപ്പോഴും നമ്മെ കുറിച്ച് കണക്കെടുപ്പ് നടത്തേണ്ടതാണ്. ഒരു സമയത്തും ശയ്ത്വാൻ നമ്മെ ആക്രമിക്കാൻ ഇടയാകരുത്. അല്ലാഹു നമ്മുടെ പൂർവ്വ പിതാക്കൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ തൗഫീഖ് നൽകി. അതല്ലെങ്കിൽ നമുക്ക് വിശ്വസിക്കാനുള്ള സൗഭാഗ്യം നൽകി. ഇത് അവന്റെ ഔദാര്യമാകുന്നു. ഈ ഔദാര്യത്തിന്റെ അനുഗ്രഹങ്ങളെ നിലനിറുത്തുന്നതിന് നമ്മൾ തുടർച്ചയായി നമ്മുടെ വിശ്വാസത്തെ വർധിപ്പിക്കേണ്ടതും വിശ്വാസത്തിൽ ശ്രദ്ധിക്കേണ്ടതും അനിവാര്യമാകുന്നു. അങ്ങനെ നമ്മളിൽനിന്ന് ഓരോരുത്തരും ഈ അനുഗ്രഹത്തിൽ ഭാഗഭാക്കാകുമാറാകണം. അതെ കുറി

ശേഷം പേജ് 11 ൽ

# സ്വലാത്തിന്റെ അനുഗ്രഹങ്ങളും ആത്മീയ സ്വാധീനങ്ങളും

താഹിർ അഹ്മദ് ചീമ, ഉസ്താദ് ജാമിഅ അഹ്മദിയ്യ

**(കഴിഞ്ഞ ലക്കം തുടർച്ച......)**

ഹയാത്തെ ഖുദ്സി ഭാഗം നാലിൽ പേജ് 36 – ൽ ഹദ്റത്ത് ഗുലാം റസൂൽ സാഹിബ് രാജേകി(റ)യുടെ സംഭവം വരുന്നുണ്ട്. ഖാദിയാനിലെ താമസ കാലത്ത് ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഹദ്റത്ത് ഗുലാം റസൂൽ സാഹിബ് രാജേകിക്ക് കുറച്ച് എഴുത്തു ജോലി നല്കി. അതിന്നിടയിൽ സ്വലാത്തിന്റെ അനുഗ്രഹത്തിന്റെ ഒരു സംഭവമുണ്ടായി. അദ്ദേഹം പറയുന്നു: 'ഞാൻ ഉപദേശമനുസരിച്ച് ആ പുണ്യത്തിന്  ജോലി ചെയ്യാൻ തുടങ്ങി. 12 മണിക്ക് സ്കൂളിൽനിന്ന് വന്ന് ബാക്കിയുള്ള സമയം എഴുത്തിൽ ചെലവഴിച്ചു. അക്കാലത്ത് ഞാൻ താമസിച്ചിരുന്നത് നഗരത്തിലെ ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ വീടിന്റെ ഒരു മുറിയിലായിരുന്നു. സമാനമായ മുറികളുടെ വരാന്തയിൽ രണ്ട് കാട്ടുപ്രാവുകൾ മുട്ടകളിട്ടിരുന്നു. ഒരു ദിവസം അടിച്ചുവാരുന്നയാൾ  വീട്  വൃത്തിയാക്കുമ്പോൾ അവയുടെ കൂട് തകർത്തുകളഞ്ഞു. മുട്ടകൾ പൊട്ടി നിലത്തുവീണു. ഞാൻ അപ്പോൾ എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. കൂട് തകർന്നത് പ്രാവുകൾ കണ്ടപ്പോൾ വേദനാജനകമായ ശബ്ദത്തിൽ ചിറകടിച്ച് പറക്കാൻ തുടങ്ങി. അവയുടെ വേദനാനിർഭരമായ ശബ്ദവും അസ്വസ്ഥതയും എന്നെ വല്ലാതെ അലട്ടി. ഞാൻ എന്റെ പേന അവിടെവെച്ച് അവയിലേക്ക് ശ്രദ്ധിച്ചു. കണ്ണീരുകൊണ്ട് അവയുടെ ദുഃഖത്തിൽ ഭാഗഭാക്കായി.  ഞാൻ ഒരുപാട് നേരം ചിന്തിച്ചിരുന്നു; സംസാരിക്കാൻ കഴിയാത്ത ഈ പക്ഷികളെ എങ്ങനെയാണ് സമാധാനിപ്പിക്കുക! പക്ഷേ ഒന്നും കണ്ടില്ല. സ്വലാത്ത് സ്വീകരിക്കപ്പെട്ട ദുആയാണല്ലോ എന്ന് ഞാൻ വിചാരിച്ചു. അതുകൊണ്ട് അതിന്റെ പുണ്യം എനിക്ക് നല്കുന്നതിനു പകരം അല്ലാഹു ആ പക്ഷികളുടെ സമാധാനത്തിന്റെ രൂപത്തിൽ നല്കുന്നതിന് സ്വലാത്ത് ചൊല്ലാമെന്ന് കരുതി. അങ്ങനെ ഞാൻ ആ നിയ്യത്തോടുകൂടി സ്വലാത്ത് ചൊല്ലാൻ തുടങ്ങി. തുടർന്ന് ആ പക്ഷികളുടെ അസ്വസ്ഥത നീങ്ങി. അവ സമാധാനമായി ഇരുന്നു. അവ സമാധാനത്തോടെ ഇരിക്കുന്നത് കണ്ട ഞാൻ പേനയെടുത്തു. സ്വലാത്ത് ചൊല്ലൽ നിറുത്തിക്കൊണ്ട് എഴുത്തിൽ മുഴുകി. പക്ഷേ, ഞാൻ കുറച്ച് വരികളേ എഴുതിയുള്ളൂ, പ്രാവുകൾ വീണ്ടും ചിലയ്ക്കാൻ തുടങ്ങി. അവയുടെ വേദന കണ്ട് ഞാൻ വീണ്ടും സ്വലാത്ത് ചൊല്ലാൻ തുടങ്ങി. അതിന്റെ ഫലമായി അവ വീണ്ടും സമാധാനത്തോടെ ഇരുന്നു. പക്ഷേ, അതുകണ്ട് ഞാൻ പേനയെടുത്തപ്പോൾ വീണ്ടും അവയുടെ അവസ്ഥ മാറി.  മൂന്നുനാല് തവണ ഇങ്ങനെ മാറിമാറി വന്നു. അതിനുശേഷം ബാങ്ക് കൊടുത്തതോടെ ഞാൻ വാതിലടച്ച് മസ്ജിദിൽ പോകുകയും പ്രാവുകൾ പറന്നു പോവുകയും ചെയ്തു.

ഇക്കാലഘട്ടത്തിൽ ഏറ്റവുമധികം സ്നേഹത്തോടും അനുരക്തിയോടുംകൂടി സ്വലാത്ത് ചൊല്ലുന്നയാൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി, മസീഹ് മൗഊദ്(അ)ആണ്. സ്വലാത്തിന്റെ ആ ബന്ധംകൊണ്ടാണ് ആ മഹാത്മാവ് ഈ സ്ഥാനം പ്രാപിച്ചത്. അവിടന്ന് പറയുന്നു: 'ഒരിക്കൽ നബി(സ) തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നതിൽ ഞാൻ അങ്ങേയറ്റം മുഴുകിയിരുന്നു. കാരണം അല്ലാഹുവിന്റെ വഴികൾ അതിസൂക്ഷ്മമാണെന്ന് എനിക്കറിയാമായിരുന്നു. അത് നബി(സ)തിരുമേനിയുടെ വസീല (മധ്യസ്ഥത)കൂടാതെ കിട്ടുകയില്ല. ***ഇബ്ത്തഗൂ ഇലയ്ഹിൽ വസീല*** (5:36) അവനിലേക്കുള്ള മധ്യസ്ഥമാർഗ്ഗം അന്വേഷിക്കുക എന്ന് അല്ലാഹുവും പറയുന്നു. അങ്ങനെ കുറച്ചുകാലത്തിനു ശേഷം ഞാൻ ജാഗ്രദർശനത്തിൽ വെള്ളം കോരുന്ന രണ്ടുപേർ വന്നതായി കണ്ടു; ഒരാൾ ഉള്ളിലെ വഴിയിലൂടെയും മറ്റെയാൾ പുറത്തെ വഴിയിലൂടെയും. അവർ എന്റെ വീട്ടിൽ പ്രവേശിച്ചു. അവരുടെ ചുമലുകളിൽ പ്രകാശത്തിന്റെ കുടങ്ങൾ ഉണ്ടായിരുന്നു. അവർ ഹാദാ ബിമാ സ്വല്ലയ്ത്ത അലാ മുഹമ്മദിൻ എന്ന് പറഞ്ഞുകൊണ്ടിരുന്നു; ഈ അനുഗ്രങ്ങൾ നബിയുടെമേൽ താങ്കൾ ചൊല്ലിയ സ്വലാത്തിന്റെ ഫലമാണ്.' *(ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസാഇൻ, വാള്യം 22, പേജ് 131)*

അവിടന്ന് പറഞ്ഞു: 'ഒരിക്കൽ രക്തംപോക്ക് എന്ന രോഗമുണ്ടായി. 16 ദിവസം മൂലത്തിലൂടെ ചോര പൊയ്ക്കൊണ്ടിരുന്നു. അസഹ്യമായ വേദനയുമുണ്ടായിരുന്നു; അത് വിവരണാതീതമാണ്. എന്റെ ഈ രോഗം പാരമ്യതയിലെത്തിയപ്പോൾ അല്ലാഹു എന്റെ മനസ്സിലിട്ടു; 'എല്ലാ ചികിത്സയും നിറുത്തുക. നദിയിലെ പച്ചമണ്ണ് കൊണ്ടുവന്ന് തസ്ബീഹും സ്വലാത്തും ചൊല്ലി ശരീരത്തിൽ പുരട്ടുക.' ഉടനെതന്നെ നദിയിൽനിന്ന് പച്ചമണ്ണ് കൊണ്ടുവന്നു. ഞാൻ ***സുബ്ഹാനല്ലാഹി വ ബിഹംദിഹീ സുബ്ഹാനല്ലാഹിൽ അള്ീം*** എന്നതിനോടൊപ്പം സ്വലാത്തും ചൊല്ലി ആ മണ്ണ് ദേഹത്ത് തേയ്ക്കാൻ തുടങ്ങി. ഓരോ പ്രാവശ്യം തേയ്ക്കുമ്പോഴും എന്റെ ശരീരം തീയിൽനിന്ന് മോചനം നേടുന്നതുപോലെ തോന്നി. നേരം വെളുക്കുന്നതിനുള്ളിൽ ആ രോഗം ഭേദമായി.' *(ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസാഇൻ, വാള്യം 22, പേജ് 246, അടിക്കുറിപ്പ്)*

ഒരിടത്ത് അവിടന്ന് പറയുന്നു: 'സ്ഥിരചിത്തത കൈവരിക്കുന്നതിനുള്ള ഒരു ഉത്തമ മാർഗമാണ് സ്വലാത്ത്. അത് അധികമായി ചൊല്ലുക.  ചടങ്ങ് എന്ന നിലയിലോ ആചാരമെന്ന നിലയിലോ അല്ല. മറിച്ച്, നബി(സ)തിരുമേനിയുടെ നിലകളും പദവികളും അഭിവൃദ്ധിപ്പെടുന്നതിനും, അവിടത്തെ വിജയങ്ങൾക്കും വേണ്ടി ആ മഹാത്മാവിന്റെ സൗന്ദര്യവും ഔദാര്യവും മുന്നിൽവച്ചുകൊണ്ട് ചൊല്ലുക. അതിന്റെ ഫലമായി ദുആ സ്വീകാര്യതയുടെ മാധുര്യമേറിയതും ആസ്വാദ്യകരവുമായ ഫലം നിങ്ങൾക്ക് ലഭിക്കുന്നതായിരിക്കും.' *(മൽഫൂദാത്ത്, വാള്യം 3, പേജ് 33)*

നമ്മുടെ ഇപ്പോഴത്തെ ഇമാമും ഇടയ്ക്കിടെ ജമാഅത്തംഗങ്ങളെ സ്വലാത്ത് ചൊല്ലുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. ഖിലാഫത്ത് ജൂബിലിയുടെ അവസരത്തിൽ ഹുദൂർ ഏതെല്ലാം ദുആകളിലേക്കാണോ ശ്രദ്ധ ക്ഷണിച്ചത്, അതിൽ സ്വലാത്തിനെ കുറിച്ച് പറഞ്ഞു: 'കുറഞ്ഞത് 33 പ്രാവശ്യം നിത്യവും സ്വലാത്ത് ചൊല്ലുക.' 2014 മെയ് 11 ന് ജുമുഅ ഖുത്വ്ബയിൽ ഈ ദുആകൾ ആവർത്തിച്ചു. സ്വലാത്ത് അധികമായി ചൊല്ലാൻ ഉപദേശിച്ചു. ശത്രുക്കൾ നബി(സ)തിരുമേനിയെ ആക്ഷേപിക്കുമ്പോഴെല്ലാം ഹുദൂർ അധികമായി സ്വലാത്ത് ചൊല്ലാൻ പറയുന്നു.

ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു: 'കോടിക്കണക്കിനും ശതകോടിക്കണക്കിനും സ്വലാത്ത് ചൊല്ലുക. സ്വലാത്തിൽ ശ്രദ്ധ ഉണ്ടായിരിക്കുവോളം അതിന്റെ ബർക്കത്തുകൊണ്ട് ജമാഅത്തിന്റെ അഭിവൃദ്ധിയും ഖിലാഫത്തുമായിട്ടുള്ള ബന്ധവും അതിന്റെ സംരക്ഷണത്തിനുള്ള ഏർപാടും ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. ഇന്ന് ഇസ്‌ലാമിന്റെ ശത്രുക്കൾ നബി(സ) തിരുമേനിയുടെമേൽ ചെളിവാരി എറിയാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ശ്രമത്തന് ദുർപര്യവസാനമല്ലാതെ ഒരു ഫലവുമുണ്ടാകുകയില്ല. പക്ഷേ, അവരുടെ ഈ നിന്ദ്യമായ ശ്രമത്തിന്റെ ഫലമായി അഹ്മദികളായ നമ്മൾ, നബി(സ)തിരുമേനിയുടെമേൽ കോടിക്കണക്കിന് ശതകോടിക്കണക്കിന് പ്രാവശ്യം സ്വലാത്ത് ചൊല്ലേണ്ടതാണ്.' (അൽഫള്ൽ ഇന്റർനാഷണൽ 2008 ഏപ്രിൽ 18)

വീണ്ടും പറയുന്നു: 'നബി(സ)തിരുമേനിയ്ക്കെതിരിൽ കൊടുങ്കാറ്റുപോലെ ആക്ഷേപശരങ്ങൾ ഉയരുമ്പോൾ തീർച്ചയായും അല്ലാഹുവിന്റെ മലക്കുകൾ നബിയുടെമേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുന്നതായിരിക്കും; ചൊല്ലിക്കൊണ്ടിരിക്കുന്നു. നമ്മൾ നമ്മളെ നബി(സ)തിരുമേനിയുടെ സത്യവാനായ പ്രേമിയുടേയും കാലത്തിന്റെ ഇമാമിന്റേയും ജമാഅത്തിൽ ബന്ധപ്പെടുത്തിയിരിക്കുകയാണ്. അപ്പോൾ നമ്മുടെ പ്രവൃത്തിയാണ് നമ്മുടെ ദുആകളെ സ്വലാത്തിൽ വാർത്തെടുക്കുക എന്നത്. സത്യഹൃദയത്തോടുകൂടി എത്രമാത്രം സ്വലാത്ത് അന്തരീക്ഷത്തിൽ വിതറണമെന്നാൽ അന്തരീക്ഷത്തിന്റെ ഓരോ അണുവും അതുമുഖേന പരിമളമാകണം. നമ്മുടെ എല്ലാ ദുആകളും  ഈ സ്വലാത്തിന്റെ മധ്യസ്ഥതയിൽ അല്ലാഹുവിന്റെ ദർബാറിലെത്തി, സ്വീകാര്യതയുടെ പദവി പ്രാപിക്കുന്നതായിരിക്കും. നമുക്ക് നബി(സ) തിരുമേനിയോടു ഉണ്ടായിരിക്കേണ്ട സ്നേഹത്തിന്റേയും അനുരക്തിയുടേയും പ്രകടനമാണ് ഇത്. ഇതുതന്നെയാണ് നബി(സ)തിരുമേനിയുടെ കുടുംബാദികളോടും ഉണ്ടായിരിക്കേണ്ടത്. *(ഖുത്വ്ബാത്തെ മസ്റൂർ, വാള്യം 4, പേജ് 115)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വലാത്തിന്റെ അനുഗ്രഹങ്ങളേയും അതിന്റെ ആത്മീയമായ സ്വാധീനങ്ങളേയും സംബന്ധിച്ച് പറയുന്നു: 'സ്വലാത്തിന്റെ എത്രമാത്രം ശ്രേഷ്ഠതകൾ വിവരിച്ചാലും അത് കുറവായിരിക്കും. ഞാൻ അതിന് അനുഭവജ്ഞനാണ്.  എന്നിലുണ്ടായിട്ടുള്ള ഉപഹാരങ്ങളിൽ അധികഭാഗവും സ്വലാത്തിന്റെ അനുഗ്രങ്ങളും സ്വാധീനങ്ങളുമാണ്. സ്വലാത്ത് ചൊല്ലുന്നവൻ പരലോക പുണ്യം പ്രാപിക്കുന്നുവെന്നു മാത്രമല്ല ഈ ലോകത്തും ആദരവ് നേടുന്നു. പക്ഷേ, ഇങ്ങനെയാണെങ്കിലും 'മനുഷ്യനെ അല്ലാഹുവിൽനിന്ന് അനിഷ്ടനാക്കുന്നതും സ്വലാത്തുചൊല്ലിയതിനു ശേഷം

നിയതിനിയമത്തിന്റെ കല്പനകൾ അല്ലാഹുവിന്റെ കൈയിൽ ഇരിക്കാത്തതും സ്വലാത്ത് ചൊല്ലുന്നവൻ അവയിൽ വിധികർത്താവാകുകയും ചെയ്യുന്ന സ്വലാത്തിൽ ഞാൻ വിശ്വസിക്കുന്നില്ല.' ഇതു പറഞ്ഞപ്പോൾ ഹുദൂറിന്റെ വാക്യത്തിൽ ദേഷ്യത്തിന്റെ ലക്ഷണം വ്യക്തമായി. മുഖം ചെമന്നുതുടുത്തു. പറഞ്ഞു: സ്വലാത്തിന് വലിയ അനുഗ്രഹങ്ങളും സ്വാധീനങ്ങളും ഉണ്ടെന്നതിൽ സംശയമില്ല. അതിന്റെ ആധിക്യംകൊണ്ട് മനുഷ്യനിൽ ബർക്കത്തുകൾ ഇറങ്ങുന്നു. അതിന്റെ ബർക്കത്തുകൊണ്ട് ദുആകൾ സ്വീകരിക്കപ്പെടുന്നു. അതിന് എണ്ണമറ്റ ശ്രേഷ്ഠതകളുണ്ട്. പക്ഷേ, ഇങ്ങനെയാണെങ്കിലും മനുഷ്യൻ ഒരിക്കലും അല്ലാഹുവിനെ വകവെക്കാതിരിക്കുകയോ വണക്കത്തിൽനിന്ന് അശ്രദ്ധനോ ആകാതിരിക്കേണ്ടതാണ്. നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലി നന്മയും ബർക്കത്തും ആളുകൾ പ്രാപിച്ചിരുന്ന ഒരു കാലവും ഉണ്ടായിരുന്നു. അവനുതന്നെയും അല്ലാഹുവിന്റെ കല്പനകൾക്കു മുമ്പിൽ വന്ദിക്കുകയും തൃപ്തിപ്പെടുകയുമല്ലാതെ രക്ഷയില്ല. അതിനാൽ സ്വലാത്ത് നല്ലവണ്ണം ചൊല്ലുക. അധികമധികമായി ചൊല്ലുക. അല്ലാഹുവിനെ സർവശക്തനും നിരാശ്രയനുമായ ദൈവമെന്ന നിലയിൽ വന്ദിക്കുകയും തൃപ്തിപ്പെടുകയും അതിൽ ഈമാനിന്റെ അടിത്തറവെക്കുകയും ചെയ്യണമെന്ന കാര്യവും എപ്പോഴും മുന്നിൽവെക്കുക.' *(ഹദ്റത്ത് മൗലാനാ മുഹമ്മദ് ഇസ്മായിൽ സാഹിബ് ഹലാൽപൂരിയുടെ പേരിൽ കത്ത്, രിസാല ദുറൂദ്ശരീഫ് പേജ് 292)*

അവസാനം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളോടെ ഈ വിഷയം അവസാനിപ്പിക്കുകയാണ്. അവിടന്ന് പറയുന്നു: 'പ്രിയപ്പെട്ട അല്ലാഹുവേ, ആരംഭകാലം മുതൽ ആരുടെമേലും നീ വർഷിച്ചിട്ടില്ലാത്തത്ര റഹ്മത്തും സ്വലാത്തും ഈ പ്രിയപ്പെട്ട നബിയുടെമേൽ നീ വർഷിച്ചാലും. അല്ലാഹുവേ! ഈ മഹാനായ നബി ലോകത്ത് വന്നില്ലായിരുന്നെങ്കിൽ, എത്രത്തോളം ചെറിയ ചെറിയ നബിമാർ ലോകത്തുവന്നുവോ അവരുടെ സത്യതയ്ക്കുള്ള തെളിവ് ഞങ്ങളുടെ കൈയിൽ ഉണ്ടാകുമായിരുന്നില്ല. ***അല്ലാഹുമ്മ സ്വല്ലിവസല്ലിം വ ബാരിക് അലയ്ഹി വ ആലിഹി വ അസ്ഹാബിഹി അജ്മഈൻ*** *(അത്മാമുൽഹുജ്ജ, പേജ് 78)*

***യറബ്ബി സ്വല്ലി അലാ നബിയിക്ക ദാഇമൻ ഫീ ഹാദിഹിദ്ദുൻയാ വ ബഅ്സിൻ ഥാനീ***

***അല്ലാഹുമ്മ സ്വല്ലിഅലാ മുഹമ്മദിൻ വബാരിക് വസല്ലിം ഇന്നക്കഹമീദുൻമ്മജീദ്.***

**പേജ് 9 ൽ നിന്ന്**

ച്ച് നബി(സ)തിരുമേനി പ്രവചിച്ചിരിക്കുന്നു. അതെക്കുറിച്ചാണ് അല്ലാഹു മസീഹ് മൗഊദ്(അ)നു വാഗ്ദാനം നൽകിയിരിക്കുന്നത്. അതായത് ഖിലാഫത്ത് വ്യവസ്ഥിതി! ആകയാൽ നമ്മൾ നമ്മുടെ കണക്കെടുപ്പുകൾ നടത്തേണ്ടത് അനിവാര്യമാണ്. നമ്മൾ എത്രമാത്രം ഖിലാഫത്തുമായി നമ്മെ ബന്ധിപ്പിക്കുന്നുണ്ടെന്ന് വിലയിരുത്തേണ്ടതാണ്. അങ്ങനെ അല്ലാഹുവിന്റെ ഏകത്വം ഒരുമിച്ചുചേർന്ന് ഭൂമിയിൽ സ്ഥാപിതമാകുന്നതിനുവേണ്ടി!

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഞാൻ നിങ്ങൾക്ക് സുവാർത്ത നൽകുന്നു!ദൈവ സാമീപ്യം കരസ്ഥമാക്കാനുള്ള രംഗം ഒഴിഞ്ഞുകിടക്കുകയാണ്. എല്ലാ ഓരോ സമുദായവും ഭൗതികതയെ സ്നേഹിച്ചുകൊണ്ടിരിക്കുകയാണ്. ദൈവം പ്രീതിപ്പെടുന്ന കാര്യങ്ങളിലേക്ക് ലോകത്തിന് ഒരു ശ്രദ്ധയുമില്ല. സർവ്വശക്തിയോടും കൂടി ഈ കവാടത്തിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്കു അവരുടെ യോഗ്യത പ്രകടമാക്കുന്നതിനും അല്ലാഹുവിൽനിന്ന് പ്രത്യേക സമ്മാനം നേടുന്നതിനുമുള്ള സന്ദർഭമാണിത്. അല്ലാഹു നിങ്ങളെ വ്യർഥമാക്കുമെന്ന് നിങ്ങളൊരിക്കലും കരുതരുത്. ഭൂമിയിൽ വിതയ്ക്കപ്പെട്ട ദൈവകരത്തിലെ ഒരു വിത്താകുന്നു നിങ്ങൾ. ഈ വിത്ത് വളരുകയും പുഷ്പിക്കുകയും നാനാഭാഗങ്ങളിലേക്ക് അതിന്റെ ശാഖകൾ പടർന്ന് പന്തലിക്കും വിധം ഒരു വടവൃക്ഷമായിത്തീരുകയും ചെയ്യുമെന്നും അല്ലാഹു അരുൾ ചെയ്യുന്നു.' *(അൽവസിയ്യത്ത്, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 308-309)*

തുടർന്ന് പറയുന്നു: 'ഞാനെന്റെ ജമാഅത്തിനെ അറിയിക്കുന്നതിന് വേണ്ടി അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'ഭൗതികതയുടെ ചേറ് പുരണ്ടിട്ടില്ലാത്ത സത്യവിശ്വാസം കാപട്യവും ഭീരുത്വവും കൊണ്ട് മലീമസമാകാത്ത സത്യവിശ്വാസം അനുസരണത്തിന്റെ ഒരു മേഖലയും ഒഴിഞ്ഞു പോകാത്ത സത്യവിശ്വാസം സ്വീകരിച്ചിട്ടുള്ളവർ ദൈവത്തിന്റെ ഇഷ്ട ജനമാകുന്നു. അല്ലാഹു പറയുന്നു. ഇവർതന്നെയാണ് സത്യത്തിൽ പദമൂന്നിയവർ.*(അൽവസിയ്യത്ത്, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 309)*

ഈ എല്ലാ കാര്യങ്ങളും അദ്ദേഹം അൽവസിയ്യത്ത് എന്ന പുസ്തകത്തിലാണ് പറഞ്ഞിട്ടുള്ളത്. അതിൽ ഖിലാഫത്ത് ഉണ്ടാകുമെന്ന സുവാർത്തയും അദ്ദേഹം നൽകിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഈ വാക്കുകൾ ഓരോ അഹ്മദിയും ഖിലാഫത്തുമായി ആത്മാർഥതയും കൂറുമുള്ള ബന്ധം ഉണ്ടാകണമെന്നതിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. അവർ തന്നെയാണ് ബയ്അത്തിന്റെ കടമകൾ നിർവഹിക്കുന്നത്. അവരാണ് ഈ നിലവാരം കരസ്ഥമാക്കുന്നത്. അങ്ങനെയാണെങ്കിൽ മാത്രമേ നമ്മൾ ഇന്ന് യഥാവിധി ഖിലാഫത്ത് ദിനം ആചരിക്കുന്നവരായി തീരുകയുള്ളൂ . അല്ലാഹു നമ്മളെ എല്ലാവരെയും ഖിലാഫത്തിനോടു ചെയ്ത ബയ്അത്തിന്റെ കടമകൾ പൂർത്തിയാക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വായത്തമാക്കാനും തൗഫീഖ് നൽകുമാറാകട്ടെ.

ഇന്ന് വേറിട്ടൊരു വിളംബരം കൂടിയുണ്ട്. ഇന്ന് ഘാന ജമാഅത്ത് അവരുടെ മൂന്നു ദിവസത്തെ ജൽസ നടത്തുകയാണ്. രണ്ടു ദിവസത്തെ ജൽസയാണ്. 27 നും 28 നും. ബുസ്താനെ അഹ്മദിലാണ് ഈ ജൽസ. കൂടാതെ അവർ രാജ്യത്ത് മുഴുവനായും 119 സെന്ററുകൾ ഉണ്ടാക്കിയിട്ടുണ്ട്. അതിൽ അഞ്ചു വലിയ സമ്മേളന നാഗരികളുമുണ്ട്. അവ തമ്മിൽ ഓഡിയോ വീഡിയോ മുഖേന ബന്ധിച്ചിട്ടുണ്ട്. ഘാന ജമാഅത്തിന്റെ ആരംഭം 1921 ഫെബ്രുവരിയിലാണുണ്ടായത്. മൗലാനാ അബ്ദുർറഹീം നയ്യിർ സാഹിബ്(റ) ഇവിടെ ലണ്ടനിൽ നിന്നു പുറപ്പെട്ട ഘാനയിൽ എത്തിയിരുന്നു. കഴിഞ്ഞ വർഷം ഘാന ജമാഅത്ത് തങ്ങളുടെ നൂറാം വാർഷിക പരിപാടികൾ നടത്താൻ ആഗ്രഹിച്ചിരുന്നു. എന്നാൽ, കോവിഡ് കാരണം നടത്താൻ കഴിഞ്ഞില്ല. അതുകൊണ്ട് 21 ലും 22 ലുമായി രണ്ടു വർഷം പ്രോഗ്രാം നടത്താം എന്നവർ തീരുമാനിച്ചിരിക്കുകയാണ്. അല്ലാഹു ഇവരുടെ ജൽസയും എല്ലാ നിലയ്ക്കും അനുഗൃഹീതമാക്കട്ടെ. ആത്മാർഥതയിലും കൂറിലും എല്ലാ അഹ്മദികൾക്കും പുരോഗതി നൽകുമാറാകട്ടെ.

അതുപോലെതന്നെ ഗാംബിയയുടെയും ജൽസ സാലാന ഇന്ന് നടക്കുകയാണ്. ഇത് മൂന്നു ദിവസത്തെ ജൽസയാണ്. അല്ലാഹു ഇതും എല്ലാ നിലയ്ക്കും അനുഗൃഹീതമാക്കട്ടെ.

## ✧ അഹ്മദീ വിദ്യാർഥികൾ ശ്രദ്ധിക്കുക ✧

ഖാദിയാൻ ജാമിഅ അഹ്മദിയ്യ ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്ഥാപിച്ച ഒരു അനുഗൃഹീത സ്ഥാപനമാണ്. ഇവിടെനിന്ന് ഇതുവരെ നൂറുക്കണക്കിന് ഉലമാഅ്, മുബല്ലിഗുമാർ പഠിച്ചിറങ്ങി യഥാർഥ ഇസ്ലാമികാധ്യാപനങ്ങൾ ലോകത്തിന്റെ അറ്റങ്ങളോളമെത്തിക്കുക എന്ന നിർബന്ധ കടമ നിറവേറ്റി വരുന്നു. സയ്യിദുനാ അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പരിശുദ്ധ സ്ഥാപനത്തിൽ നിന്ന് വിദ്യഭ്യാസം കരസ്ഥമാക്കി ജമാഅത്തിന് സേവനം ചെയ്യാൻ ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. അതുകൊണ്ട് സയ്യിദുനാ അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ നിർദേശത്തിന്റെ വെളിച്ചത്തിൽ വഖ്ഫെ നൗഇൽപ്പെട്ടവരും അല്ലാത്തവരുമായ വിദ്യാർഥികൾ ജാമിഅ അഹ്മദിയ്യായിൽ പ്രവേശനം നേടി മതപരമായ വിദ്യഭ്യാസം കരസ്ഥമാക്കി ജമാഅത്തിനു സേവനം ചെയ്യാൻ തങ്ങളെ സമർപിക്കേണ്ടതാണ്.

ജാമിഅയിലെ വിദ്യഭ്യാസവർഷം 2022-2023 ലേക്കുള്ള പ്രവേശന നടപടികൾ 2022 ഏപ്രിൽ മുതൽ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ ജാമിഅ അഹ്മദിയ്യായിൽ പ്രവേശനം നേടാനാഗ്രഹിക്കുന്ന കുട്ടികളുടെ പ്രവേശന നടപടികൾ ഓൺലൈനിലാണ് നടക്കുന്നത്. അതുകൊണ്ട് ജാമിഅ അഹ്മദിയ്യായിൽ പ്രവേശനം നേടാനാഗ്രഹിക്കുന്ന കുട്ടികൾ ശുഅ്ബയെ വഖ്ഫെ നൗ(നളാറത്ത് തഅ്ലീം)മായി ബന്ധപ്പെടുക. എത്രയും വേഗം പ്രവേശനഫോറം പൂരിപ്പിച്ച് വഖ്ഫെ നൗ ഭാരതി(നളാറത്ത് തഅ്ലീം)ലേക്ക് മെയിൽ മുഖേനയോ പോസ്റ്റുമാർഗമോ അയക്കുക. പ്രവേശനനിബന്ധനകൾക്കു വേണ്ടി ശുഅ്ബയെ വഖ്ഫെ നൗ(നളാറത്ത് തഅ്ലീം)മായി ബന്ധപ്പെടുക.

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 30 June 2022 Issue-26

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

പേജ് 6 ൽ നിന്ന്

ഉത്തരവാദിത്വങ്ങൾ വിഭജിക്കപ്പെട്ടിരിക്കുന്നു. പുരുഷന്മാർ പുറത്തുപോയി ജോലി നോക്കുന്നു, സ്ത്രീകൾ വീടുകളിൽ ജോലി ചെയ്യുന്നു. എന്നാൽ പ്രാപ്തിയുള്ള സ്ത്രീകൾ അഥവാ ഏതെങ്കിലും മേഖലയിൽ പ്രാവീണ്യമുള്ള സ്ത്രീകൾക്ക് പുറത്തുപോയി ജോലി എടുക്കാനും സാധിക്കുന്നു. എന്നാൽ, അതോടൊപ്പം അവൾക്ക് വീട്ടിലെ കാര്യങ്ങളും നോക്കേണ്ട ബാധ്യതയുണ്ട്. സ്ത്രീകൾ വീടുകളിൽ താമസിക്കുന്നതുകൊണ്ടോ അതിനെ സംരക്ഷിക്കുന്നതുകൊണ്ടോ വീട്ടിനു പുറത്തേക്ക് പോകാനുള്ള അനുമതിയേ ഇല്ലെന്ന അർഥം ഒരിക്കലുമില്ല. വളരെ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുന്ന ഒരു സംഘടന നമ്മുടെ മഹിളകൾക്കുണ്ട്. നിങ്ങൾക്ക് എപ്പോഴെങ്കിലും നമ്മുടെ ജൽസ കാണാൻ അവസരം ലഭിക്കുകയാണെങ്കിൽ സ്ത്രീകൾ അവരുടെ പരിപാടികൾ എങ്ങെനെയാണ് സംഘടിപ്പിക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. അവർ നമ്മുടെ ജമാഅത്തിൽ വളരെ ഊർജ്ജസ്വലരാണ്. അവർ പുറത്തും തങ്ങളുടേതായ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. അവരുടേതായ പരിപാടികൾ പ്രത്യേകം അവർ സംഘടിപ്പിക്കാറുണ്ട്. മഹിളകളിൽ ധാരാളമാളുകൾ ഡോക്ടർമാരും അധ്യാപികമാരും ആർക്കിടെക്ടുമുണ്ട്. ഇവർ പുറത്തുപോയും ജോലി ചെയ്യുന്നു.

ജേർണലിസ്റ്റ് : അപ്പോൾ പിന്നെ സ്ത്രീ പുരുഷന്മാർക്കിടയിൽ വേർതിരിവ് വെക്കുന്നത് എന്തുകൊണ്ടാണ്.?

ഹുസൂർ: കാരണം സ്ത്രീകളെ പുരുഷന്മാരുടെ നിഴലിൽ നിന്നും മാറ്റി പ്രവർത്തിക്കാനുള്ള അവസരം നല്കിയാൽ അവർ കൂടുതൽ നല്ല നിലയിൽ പ്രവർത്തിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പ പുരുഷന്മാരിൽ നിന്നും അവർ വേറിട്ടു നിന്നാല് പ്രവര്ത്തിക്കുന്നതിലും മുന്നേറ്റം കൈവരിക്കുന്നതിലും അവര്ക്ക് സ്വാതന്ത്ര്യം ലഭിക്കും. ഒരു വലിയ വൃക്ഷത്തിന്റെ കീഴില് നിങ്ങള് ചെറിയ ചെടി നട്ടാല് ശരിയായ രീതിയിൽ കായ്ക്കുകയോ ഫലം നല്കുകയോ ചെയ്യില്ല. അതുകൊണ്ട് പുരുഷന്മാരിൽ നിന്നും വേറിട്ട് സ്ത്രീകൾ പ്രവർത്തിച്ചാൽ നല്ല രീതിയിൽ പ്രവർത്തിക്കാൻ കഴിയുമെന്ന് നാം മനസ്സിലാക്കുന്നു. എന്നാൽ പുരുഷന്മാർക്ക് ലഭിക്കുന്ന അതേ അവകാശങ്ങൾ തന്നെ സ്ത്രീകൾക്കും പ്രാപ്തമാണ്. വിവാഹമോചനത്തിനുള്ള അവകാശം (ഖുലാ) അവർക്കും ഉണ്ട്. ഇസ്ലാമിൽ സ്ത്രീകൾക്ക് അനന്തരാവകാശ സ്വത്തിലും അവകാശങ്ങൾ ഉണ്ട്. പാശ്ചാത്യ ലോകത്ത് ഏതാനും ദശകങ്ങൾക്ക് മുൻപ് വരെ പ്രാപ്തമല്ലാതിരുന്ന പല അവകാശങ്ങളും ഇസ്ലാമിൽ അവർക്കുണ്ട്. ഇപ്പോൾ നിങ്ങൾക്ക് ഈ അവകാശങ്ങൾ പ്രാപ്തമാണെങ്കിലും മഹിളകളുടെ അവകാശങ്ങളുടെ ജേതാവ് നിങ്ങളല്ല, മറിച്ച്, ഇസ്ലാമാണ് മഹിളകളുടെ അവകാശങ്ങളുടെ ജേതാവ്. (തുടരും)

## 127 – ാമത് ജൽസസാലാന ഖാദിയാൻ 2022 ഡിസംബർ 23, 24, 25 തിയതികളിൽ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽഅസീസ് 127 – ാമത് ഖാദിയാൻ ജൽസ 2022 ഡിസംബർ 23,24,25 തിയതികളിൽ (വെള്ളി, ശനി ഞായർ)നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന് നിയ്യത്തോടുകൂടി തയ്യാറെടുപ്പ് തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് അനുഗ്രഹമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ ജൽസസാലാന എല്ലാവിധത്തിലും വിജയപ്രദവും അനുഗൃഹീതവും അപ്രകാരംതന്നെ ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തവും ആകുന്നതിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക.*(നാളിർ ഇസ്വ്ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

❖❖❖

പേജ് 1 ൽ നിന്ന്

പിന്നീടു പറയുന്നു: ആ തേൻ പുറപ്പെടുമ്പോൾ അത് വിവിധ നിറങ്ങളിലും വിവിധ തരങ്ങളിലുമായിരിക്കുമുണ്ടാകുക. എന്നാൽ, എല്ലാ തരങ്ങളിലുള്ളതും എല്ലാ നിറങ്ങളിലുള്ളതുമായ തേനുകളിൽ, അത് ജനങ്ങൾക്ക് രോഗശമനത്തിന് നിമിത്തമാണെന്ന പ്രത്യേകത ഒരുപോലെയാണ്.

ഇതിൽ മനുഷ്യനുണ്ടാകുന്ന വഹ്യുകളിലേക്കും സൂചനയുണ്ട്. അതായത് ആ വഹ്യും വിവിധ കാലങ്ങളിലും വിവിധ വർണങ്ങളിലും ഇറങ്ങിക്കൊണ്ടിരുന്നു. ഒരു നബിയുടെ അധ്യാപനം മറ്റൊരു നബിയുടെ അധ്യാപനങ്ങളിൽനിന്ന് ചില കാര്യങ്ങളിൽ വ്യത്യസ്തമായിരുന്നു. പക്ഷേ, ഇങ്ങനെയായിരുന്നിട്ടും അതിലെ ഓരോ നബിയുടേയും വഹ്യ് ഏതൊരു ജനതയ്ക്കുവേണ്ടിയാണോ അതിറങ്ങിയത് ആ ജനതയ്ക്ക് രോഗശമനത്തിന് നിമിത്തമായിട്ടുണ്ടായിരുന്നു. ഫസ്ലുക്കീ സുബുല റബ്ബിക്കി ദുലുലാ എന്നതിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത് എല്ലാ മനുഷ്യനും വഹ്യ് അഥവാ വെളിപാടിറങ്ങുന്നവനാകാവുന്നതാണ്. പക്ഷേ, അതിനുള്ള നിബന്ധനയെന്താണെന്നാൽ അവൻ അല്ലാഹു പറഞ്ഞിട്ടുള്ള മാർഗത്തിൽ അനുസരണയോടുകൂടി നടക്കുകയും പ്രകൃതിയെ സംബന്ധിച്ചിടത്തോളം അതിനെ മോശമാക്കാതിരിക്കുകയും ചെയ്യുക. അവൻ തന്റെ പ്രകൃതിയെ പരിശുദ്ധമാക്കിവെക്കുകയും ആ വഹ്യ് അനുസരിച്ച് പ്രവൃത്തിക്കുകയും ഗോപ്യമായ വഹ്യ് എന്ന വർണത്തിൽ എല്ലാ ഓരോ മനുഷ്യനിലും എന്നല്ല എല്ലാ ഓരോ സൃഷ്ടികളിലും ഇറങ്ങുമ്പോൾ പിന്നീട് അല്ലാഹു അവനിൽ തേനീച്ചയ്ക്ക് ഇറങ്ങിയതുപോലുള്ള വഹ്യ് ഇറക്കുന്നു. അതായത് ശുദ്ധമായത്. അതിൽ മനുഷ്യകുലത്തിന് ശിഫാ അഥവാ രോഗശമനം എന്ന പ്രത്യേകതയുണ്ടാകുന്നു. അതായത് മാനുഷികമായ ദൗർബല്യങ്ങളെ അകറ്റി മനുഷ്യനെ പൂർണനാക്കിത്തീർക്കുന്നു.

***ഇന്ന ഫീ ദാലിക്ക ല ആയത്തുൻ ല്ലിഖൗമിൻ യ്യത്തഫക്കറൂൻ*** ഇതിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത് ദൈവികവെളിപാടു കൂടാതെ ലോകത്ത് ഒരു ജോലിയും നടക്കുകയില്ലെന്നാണ്. താൻ സ്വയം സന്മാർഗത്തിന്റെ ജോലി ചെയ്യുമെന്ന് പറയുന്നവൻ തെറ്റിലാണുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വിഷയത്തിൽ പ്രത്യേകമായ ഊന്നൽ നല്കുകയുണ്ടായി. അവിടന്ന് പറയുന്നു:ഭൗതികമായ കാര്യങ്ങളിലുള്ള മാനുഷികമായ പ്രയത്നങ്ങൾ ദുആയുടെ ഗണത്തിലാണുള്ളത്. അതിന്റെ ഫലമായി മനുഷ്യന്റെ ബുദ്ധിയിലുണ്ടാകുന്ന ഉപായങ്ങളും വഹ്യ് തന്നെയാണ്. ചുരുക്കത്തിൽ തേനീച്ചയുടെ ഉദാഹരണം നല്കിക്കൊണ്ട് പറയപ്പെട്ടിരിക്കുന്നത് ദൈവിക വചനം കൂടാതെ വിജയപ്രദമായ ജീവിതം അസംഭാവ്യമാണെന്നാണ്. എത്രത്തോളമെന്നാൽ മൃഗങ്ങളും വഹ്യുടെ ആശ്രിതരാണ്. അവരിൽ ഒരു തരത്തിലുള്ള വഹ്യ് ഇറങ്ങുന്നുണ്ട്. അതിന്റെ വ്യക്തമായ ഉദാഹരണം തേനീച്ചയിൽ കാണാം. നിലവിലുള്ള എല്ലാ വിഭാഗത്തിലും അല്ലാഹു വഹ്യ് ഇറക്കിയിട്ടുണ്ടെന്ന് വരുമ്പോൾ വാസ്തവത്തിൽ അവരുടെ ജീവിതം പരിമിതവും ബുദ്ധി ഹ്രസ്വവുമാണ്. ഇങ്ങനെവരുമ്പോൾ പരോലകത്തെ ബാധിക്കുന്ന മനുഷ്യന്റെ ജീവിതം, അവന്റെ വ്യവസ്ഥിതി വഹ്യ കൂടാതെ എങ്ങനെ മുന്നോട്ടു പോകാനാണ്.

തേനീച്ചയെ സംബന്ധിച്ച് ഈ ആയത്തിൽ പറഞ്ഞിട്ടുള്ള അതേ വാക്കുകൾ വിശുദ്ധ ഖുർആനിനെ സംബന്ധിച്ച് നിരവധി സ്ഥലങ്ങളിൽ വന്നിട്ടുണ്ട്. അതുകൊണ്ടാണ് വഹ്യുടെ ഫലമായുണ്ടാകുന്ന അതേ പ്രത്യേകത ഉൾക്കൊള്ളുന്നതാണ് ഭാഷണമെന്ന് പറഞ്ഞിരിക്കുന്നത്. അതായത് രോഗശമനത്തിന്റെ സ്വാധീനം. സൂറ ബനീ ഇസ്റായീൽ റുകൂഅ് 9 – ൽ പറയുന്നു: ***വ നുനസ്സിലു മിനൽ ഖുർആനി മാ ഹുവ ശിഫാഉൻ വ്വ റഹ്മത്തുൻ ല്ലിൽ മുഅ്മിനീന*** (വിശ്വാസികൾക്ക് ശമനൗഷധവും കാരുണ്യവുമായിട്ടുള്ള അധ്യാപനം നാം ഖുർആനിൽനിന്നിറക്കിക്കൊണ്ടിരിക്കുന്നു). സൂറ യൂനുസ് റുകൂഅ് 6 – ൽ പറയുന്നു: ***യാ അയ്യുഹന്നാസു ഖദ് ജാഅത്ക്കും മ്മൗയിളത്തുൻ മിൻ റബ്ബിക്കും വ ശിഫാഉൻ ല്ലിമാ ഫിസ്സുദൂരി*** (ജനങ്ങളേ തീർച്ചയായും നിങ്ങളുടെ നാഥനിൽനിന്നുള്ള ഒരു തത്ത്വോപദേശവും ഹൃദയങ്ങളിലുള്ള(എല്ലാ രോഗങ്ങൾക്കും)ശമനൗഷധവും നിങ്ങൾക്കു വന്നുകിട്ടിയിരിക്കുന്നു). ഹാമീ സജ്ദ റൂകൂഅ് അഞ്ചിൽ പറയുന്നു: ***ഖുൽ ഹുവ ലില്ലദീന ആമനൂ ഹുദൻ വ്വ ശിഫാഉൻ*** (പറയുക, ഇത് വിശ്വസിച്ചവർക്ക് മാർഗ ദർശനവും ശമന(ഔഷധ)വുമാണ്.

❖❖❖

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin